1278

ഭീരു

3948

1.50

ഉറൂബ്

Radhakrishnan - 35723

NO:1278
Kollam.K.A.

ചിത്രശാല

"ശ്രാകൗ ജ്യോതിഷം"
1. ശംഖുകുവധം,
2. ബാലിവധം
3. സീതാപഹരണം.

ഉള്ളൂർ എസ്. പരമേശ്വരയ്യർ



1968

പ്രസാധകന്മാർ

ഉള്ളൂർ പബ്ലിഷേഴ്സ്

ഉള്ളൂർ പബ്ലിഷേഴ്സ്
ജഗതി, തിരുവനന്തപുരം–14.
വില 1 രൂ. 50 പൈ.

Malayalam

CHITRASALA

(Poetry)

By

Mahakavi Ulloor

S. PARAMESWARA AIYAR

Fifth impression—May 1968

Copies 12000.

Printed at

VIVEKANANDA PRESS, JAGATHY, TRIVANDRUM-14.

Copyright by

ULLOOR P. RAMANATHAN

Published By

ULLUR PUBLISHERS

JAGATHY, TRIVANDRUM-14.

i

(കേക)

"ഭാരതക്ഷമേ ! നിന്റെ പെൺമക്കളേട്ടുക്കള–
ക്കാരികയം, വീടാം ക്രൂട്ടിൽക്കുട്ടുങ്ങും തത്തമ്മകയം,
നരന്നു ഗർഭാധാനപാത്രങ്ങളാജന്മാന്തം
പരതന്ത്രകയം, പശുപ്രായകളബലകയം.
ആടയും പണ്ടങ്ങളും കൊണ്ടു മെയ്യാകെക്കുടി
മൂടിന യന്ത്രക്കളിപ്പാവകയം, വരാകികയം;
എങ്ങവർ പതിതകയം സഹധർമ്മിണീഗ്രഹ–
മങ്ങ്ഗലദേവതാദിനാമങ്ങയംക്കനർഹകയം ?
ഭാരതക്ഷമേ ! ഹാ ! നിൻ ലാളനം തനിക്കുന്ന
പൂരുഷന്മാരിൽ; നീയും സ്ത്രീകയംക്കു മാതാവാമോ ? 10
ഒരു കാൽ നീക്കെട്ടാന്നം, മറേറക്കാൽ മെലിഞ്ഞിട്ടം,
മരുവും നിനക്കേതുമാർഗ്ഗത്തിൽപ്പുരോഗതി ?
അപരിഷ്കൃത താൻ നീ;യറിവറവയം താൻ നീ:–
യപഥസ്ഥിത താൻ നീയനകമ്പ്യയും താൻ നീ;

നിൽക്കൊല്ലേ സമക്ഷത്തു ലോകരേ ! പാപിഷ്ഠയാ–
മിക്കഷ്ടരോഗാത്തയെത്തീണ്ടൊല്ലേ ! നശിക്കൊല്ലേ !"
ഇമ്മട്ടിൽക്കടന്നോതിയിന്നലെ ദ്വിപാത്തായൊ–
രമ്മെരിക്കതൻ വിത്താമമ്മേയോദ്ധരശ്ശിണി.
അല്പവും ധരിച്ചോളല്ലമ്മതൻ പരമാർത്ഥ–
മപ്പച്ചപ്പരിഷ്കാരക്കാരിയാം ചട്ടക്കാരി ! 20

ii

അമ്മതാമ്മതൻ മൊഴിയന്യകഥം ഭരതോവി–
യമ്മതൻ ചെവിക്കുള്ളിലാഞ്ഞാഞ്ഞു തറയ്ക്കയായ്.)
ഖേദിച്ചാളപാരമായദ്ദേവിയിമ്മട്ടുള്ള
കാതറൈൻ മേയോവിന്റെ കൈകൊട്ടിക്കളിപ്പാട്ടിൽ.
ചിന്തിച്ചാൾ; 'എങ്ങോ മേവുമിപ്പുത്തൻപെൺപൂമ്പാറ–
യ്ക്കെന്തിങ്ങു ബന്ധം വരാൻ; എന്നെക്കൊണ്ടോരോ–
[ന്നോതാൻ ?
മുത്തശ്ശിക്കില്ലേതുമേ സൌന്ദര്യമെന്നിമ്മൂഢ
മുത്തണിപ്പോർക്കൊങ്കകം തുള്ളിച്ച ജല്പിക്കുന്നു.
കാർമുകിൽ മറച്ചിട്ടും വാനത്തിൽ ജ്യോതിർഗ്ഗണം
കാണ്മതിന്നരിപ്പമെന്നോതുന്ന കണ്ണില്ലാത്തോർ. 30
പങ്കത്തിൽപ്പുരണ്ടതാം പത്മരാഗത്തെപ്പാർത്തു
ശങ്കവിട്ടുരയ്ക്കുന്നു മഞ്ഞോടിയെന്നിശ്ശിശു

ബ്രിട്ടനും ഞാനും തമ്മിൽ ബന്ധുക്കൾ; ഞങ്ങൾക്കുണ്ടാ–
മിഷ്ടത്തിൻ വിവത്തമാം വാക്കുതക്കം മിഥഃസ്ഥിതം.
അമ്മെരിക്കേ! ഹാ! വെറും മിന്നൽപോലെന്നിൽപായും
നിന്മക്കൾക്കെന്തിതിങ്കൽ മാധ്യസ്ഥ്യദീക്ഷാന്യായം?
ഹന്ത! ഞാൻ പെൺമക്കളിൽ പ്രീതിയില്ലാത്തോൾപോ
മെന്തബദ്ധമിക്കുട്ടി ധാർഷ്ട്യത്തിൽപ്പുലമ്പിപ്പോയ്"! [ല–
ആനഖാന്തവും പിന്നെയാശിഖാന്തവും വാച്യം
നീ നിന്റെ മുറം തുത്താലെത്ര നന്നതെൻ വത്സേ! 40
ദുർഭള്ളാം വിഷം ചേന്ന് നിൻ സാന്ത്വവാക്യാംഭസ്സാ–
ലപ്പവും ശമിക്കുവോന്നല്ലെന്റെയന്തർദ്ദാഹം;
പാരിക്കും വിശപ്പിലും ഞാൻ നിന്റെ കരം വീഴ്ത്തും
കാരുണ്യപ്പിച്ചയ്ക്കായിക്കെക്കുമ്പിടം കാണിപ്പീല".

iii

ഹിമവൽപർവ്വതത്തിൽ നിവസിക്കുന്നൊരൊ
സമലോഷ്ടാശ്മജാംബൂനദനാം തപോധനൻ;
അരയപ്പെൺപൈതലിൻ മകനായ്പ്പിറന്ന നാ–
ന്മറകൾ പകുക്കുവാൻ സാധിച്ച മഹാഭാഗൻ;
പാരിതിൻ നന്മയ്ക്കായിപ്പഞ്ചമം വേദം മഹാ–
ഭാരതം ഗാനം ചെയ്ത ഭഗവാൻ ശുകഗുരു; 50

വേറെയും പുരാണോക്തിപീയൂഷം ധരിത്രിയിൽ
ധാരധാരയായ്പ്പെയ്ത സൌജന്യഘനാഘനം;
സംസാരപാരാവാരപാരീണൻ; സാക്ഷാദ്രാജ–
ഹംസാധിരൂഢാങ്ഗനാപാദാബ്ജമധുവ്രതം;
അന്യനെ സ്നേഹിപ്പതേ പുണ്യമൊന്നാവനിയി–
ലന്യനെ ദ്വേഷിപ്പതേ പാപമെന്നരുൾചെയ്യാൻ;
അർത്ഥകാമാദിക്കെല്ലാം ബീജമാം ധർമ്മത്തെത്താൻ
മർത്ത്യരേ! സേവിപ്പിനെന്നുച്ചത്തിലുൽഘോഷിച്ചോൻ;
കൃത്സ്നമാം പുണ്യത്തിനാൽ ഭാരതാംബയാൾ പെറ്റ
കൃഷ്ണദ്വൈപായനാഖ്യ കൈക്കൊള്ളും കൃപാമൂർത്തി;
ക്ഷോണി താൻ കുടുംബമശ്ലോഭന,നാദ്ധ്യാത്മിക–
ജ്ഞാനം താൻ ഭണ്ഡാഗാരം; മുക്തി താൻ സധർമ്മിണി
ലോകാനുഗ്രഹത്തിനായ് വാഴ്കയാണശ്ലഥാ–
ലോകാന്തബ്രഹ്മധ്യാനനിഷ്പന്നചിരഞ്ജീവി.

iv

മാതൃഭ്രൂദേവിയാൾതൻ സന്തപ്തദീർഘശ്വാസ–
മാദിക്കൊന്നലയ്ക്കുവേ നീഹാരം നീരാവിയായ്.
തൽക്ഷണം തപോധനൻ നിർവികല്പമായുള്ള
തത്സമാധിയെക്കണ്ടാൻ ഭഗ്നമായ്–നിവൃത്തമായ്.

ആ വികാരത്തിന്നൊന്നു ഹേതുവെന്നാക്കൊണായ്

ദേവിയാമായ്ക്ഷോണി—തന്നമ്മയ്ക്കുഴം താപം. 70

നിപ്പതും പാത്താൻ ദൂരെയമ്മെരിക്കയെപ്പേത്തും
ദർപ്പത്താലാധ്മാതയാം മേയോവിൻ മാതാവിനെ.

വേഗേന തൽകണ്ണത്തിൽ സാദ്ഭവാം വചസ്സുധ
തുകിനാൻ സവ്വ്രത്തസൈഭ്രാതൃശിക്ഷാഗുരു.

"സ്വാഗതം! വിമാതാവേ! ശങ്കവിട്ടിങ്ങോട്ടേക്കൊ–
ന്നാഗമിച്ചീവൻ കാട്ടും കാഴ്ചകണ്ടാനന്ദിക്കൂ;
അജ്ഞനം വേറേ വേണ്ട; കണ്ണിൽനിന്നഹങ്കാര–
മഞ്ഞച്ചില്ലൊട്ടത്തങ്ങു മാറിയാൽ മാത്രം മതി.
നൂനം തൽപൂരോഭ്രവിൽ സാധ്വിയാമെന്നമ്മയെ–
യാനനാവഗ്രണനം നീക്കി ഞാൻ നിത്തിത്തരാം. 80

കണ്ടിടാമപ്പോൾ തത്ത്വം കണ്ണിന്നു; കൈക്കൊൾകെന്റെ
പണ്ടത്തെച്ചിത്രശാല നൽകുവോരാതിഥ്യത്തെ.
മിക്കതും പാക്കാമെങ്ങേക്കുന്നോരമെന്നമ്മയ്ക്കു
മക്കളോ മകളരോ വാത്സല്യം വായ്പോരെന്നായ്."

V

(നതോന്നത)

ആദിയിങ്കൽ മഹർഷിയൊരാലേഖ്യത്തിൻ സമീപ–
പ്രീതിപൂണ്ടു നയിച്ചാനപ്പേശലാംഗിയെ; [ത്തിൽ

അരുളിച്ചെയ്തയുംചെയ്താൻ: "അയി! കാൺക പടമിതി-
ലൊരു പുമാനേയും നീ തൽഭഗിനിയേയും.
മാമലകഠക്കരചന്റെ മക്കളിവരിരുവരു-
മീമഹിളാമണി "ഗൌരി," യേട്ടൻ "മൈനാകം."

കലികൊണ്ടു മപ്പടിച്ച കലഹത്തിന്നമരേന്ദ്രൻ
കുലിശവുമുലച്ചുലച്ചണഞ്ഞിടവേ
ശത്രുവിന്റെ മാത്തടമോ സപ്തസപ്തിമണ്ഡലമോ
ശസ്ത്രമെയ്തു പോക്കുത്തിൽപ്പിളന്നിടാതെ;
അതിവൃദ്ധൻ ജനകനെത്തുണയ്ക്കാതെ; മഹീഭൃത്തിൻ
സ്വധർമ്മത്തെ സ്വല്പംപോലുമനുഷ്ഠിക്കാതെ;
തൽക്ഷണത്തിലിവൻ പാഞ്ഞു സാഗരത്തിനകം ചാടി
പക്ഷലാഭചരിതാത്മൻ പരമഭീരു.
അവിടെ നാകം കഴിക്കയാണടിമയായ് ജലപതി-
ക്കവനതശിരസ്സാമീയധമജന്തു.

* * *

ഇവനുടെയവരജ ഭഗവതിയപർണ്ണയോ
കുവലയമിഴിമാൽക്കു കലാലങ്കാരം.
ഏതു കാമൻ തുണച്ചാല്യ,മേതു കണ പൊഴിച്ചാല്യ,-
മെത്രമാത്രം പരിസരമൊത്തുവന്നാല്യം,
പൂവൽമേനിപ്പുറത്തൊലിപ്പൂച്ചകണ്ടുമയങ്ങുന്ന
കേവലനാ വിടനല്ല ദേവൻ ഗിരീശൻ;

എന്നറിഞ്ഞു തന്മമദം സന്ത്യജിച്ച തപസ്സിനാൽ
തന്നകതാർ തനിസ്സത്വസമ്പന്നമാക്കി
ആയതിൽതന്നനുകനെയാദരത്തിലണച്ച ത–
ജ്ജായയായിജ്ജയംപൂണ്ടാശം ജഗജ്ജനിത്രി,
ശിവൻ
ശൂലിയുംതന്മനഃസ്ഥൈര്യം തൂക്കിനോക്കാൻതുനിഞ്ഞല്ലോ
ഹിമവാൻറെപുത്രി.
ശൈലരാജപുത്രിയെന്ന തത്ത്വമോക്കാതെ,
ശിവൻ
ആ വിട്ടവിൻ വാമഭാഗമാത്മശൂല്യൻ ഭവിച്ചപ്പോൾ
പാർവ്വതി ഹിമവാൻപുത്രി
ദേവിയുമ ഹൈമവതി നിത്യകല്യാണി. മംഗളരൂപിണി.
വാമഭാഗത്തിങ്കലല്ലീ ജീവികൾക്കു ഹൃദയം? ഇവ–
യോമലാളെയതിന്നീശനീശ്വരിയാക്കി.

ലോകയാത്രചെയ്യുയാണദ്ദമ്പതിമാരിത്തരത്തി,–
മുഖ്യമായസുരക്ഷിതത്വവും സന്തുഷ്ടിയും.
ലേകയോഗക്ഷേമമെങ്ങുണ്ടിതിനുമീതേ !
പ്രേമമാകും ദിവ്യജ്യോതിസ്സന്തർവേദിപ്രതിഷ്ഠിത–
മാമിഷാശനാശ നൂനം ഹാ ! തദാഭാസം.

120

ഇനിയൊരുപടത്തിങ്കലിരുവരുണ്ടിതാ കാൺമൂ
പനിമതിമുഖിയൊന്നു, പരൻ പുരുഷൻ.
ഇരുവരുമലകടൽമണികുഞ്ഞിയണിയുന്ന
ധരണിതന്നപത്യങ്ങളടപ്പിറന്നോർ.

മൃത്തതതിൽമന്നജനു, *മിളയ്തു മഹിളയും;
പാത്തലത്തിൻവിളക്കി, തതുൽപാതകേതു.
പാതിവ്രത്യത്തിടമ്പെന്ന പാരിടത്തിൽ പ്രഥിതയാം
സീതയിവാം, നരകാഖ്യനോവനവൻ;
ശങ്കവിട്ട സതികളിൽപ്പതിനാറായിരംപേരെ–
ത്തങ്കരിങ്കൽത്തുരുകിലിട്ടടച്ച പാപി; 180
അണ്ടർകോനെപ്പോക്കളത്തിൽക്കൊമ്പുകുത്തിച്ചദിതിതൻ
കുണ്ഡലങ്ങളം ക്രൂസൽവിട്ട കൊള്ളചെയ്തവൻ;
വരബലമദമത്തൻ, തനതുപേർ ജനനിക്കു–
മരുളിനോരധമ്മിഷ്ടകുലപ്പെരുമാളം;–
ആ മനുഷ്യകളങ്കത്തെയന്തകന്നു വിരുന്നൂട്ടി
"ഭാമ"കണ്ടു കൺകുളുർക്കെപ്പാഥോജനാഭൻ.

* സീതയെത്തു വിഭിന്നയിശ്ശീലഹീനൻതങ്കൽനിന്നും!
സീതയത്രേ ജഗതിതൻ ദിവ്യസന്താനം.

തൻപ്രിയൻപോമടവി താൻ തന്നയോധ്യാരാജധാനി;
തൻപ്രിയൻതൻപുൽക്കുടിൽ താൻ തൻമണിസൌധം:
എന്നു തേറിയിടം വലമേതുമൊന്നു തിരിയാതെ
തന്നുടയ സതീവ്രതം ചരിപ്പതിനായ്

---

* വരാഹാവതാരത്തിൽ ഭൂമിദേവിക്കു മഹാവിഷ്ണുവിൽ ജനിച്ച പുത്രനാണു് നരകാസുരനെന്നു ശ്രീമൽഭാഗവതം.

പരുപരുത്തിരിപ്പൊരു മരവുരിയരുവയർ
തിരുവരമറയുമാറെടുത്തു ചാത്തി
കായസാദം കരുതാതെ കാനനത്തിൽപ്പിൻതുടന്നാൾ
ഛായപോലെ ദയിതനെച്ചാരിതുധാമം.

കാട്ടിലെഴും കല്ലും മുള്ളും കാന്തമാക്കി കുസുമത്തെ–
ക്കാട്ടിലേറ്റം മൃദുവെന്നു കാട്ടി കല്യാണി.
പ്രേമസംസ്ഥയല്ലീ ദേവി? പിന്നെയെങ്ങു രാജ? യവം–
ക്കാമണിത്തേർ പുഷ്കരത്തെക്കാളതിരമ്യം.

പൂരുഷന്നു നല്ലനാളിൽത്തൻകളത്രം പകിട്ടേറും
സാരസനിവാസിനിതൻ സപത്നി മാത്രം.
ഹാ! കദനം വരുമ്പോൾത്താനാത്മഹൃദയേശ്വരനെ–
യാകമാനം ഗൃഹിണിമാരനുഭവിപ്പു.
യാതുധാനപ്പെരുമാൾതൻ രാജധാനിക്കകം ദൈവം
യാതനയാൽ മഥിച്ചോരു കാലത്തുപോലും
ചാരിത്രമാം തനുത്രത്താൽ ശരാദിതയാമിസ്സതിക്കു
വൈരിയോങ്ങും വാൾ തോന്നി വാഴനാരായി.
അമ്പിളിയും കതിരോനുമഷ്ടദിക്പാലകന്മാരും

തൻ പ്രിയത്തെക്കൊതിച്ചീടും മാസരാകട്ടെ; 160

മാമല കൈയിരുപത്തും മാറിമാറിപ്പന്താടട്ടെ;
നാമധേയം നാരീഗർഭം സ്രവിപ്പിക്കട്ടെ;

താർമകൾം പോയ് മണിമേടത്തങ്കമുറ്റം തളിക്കട്ടെ:–
കാമദേവൻ വപുസ്സിന്നു കപ്പുമേകട്ടെ:–

തൻകഴുത്തിൽത്താലിവച്ചോൻ തൻകണവ,നന്യനെത്തു
ലങ്കമുടിമൂടിയാലും തുച്ചരിൽത്തുച്ചൻ.

എന്നാറച്ചു നിലകൊണ്ടാളീവധൂടി—ഭരതോർവി
തന്നുടയ ജീവനാഡി—ചൈതന്യമൂർത്തി.

പാർത്ഥിവനായ്ക്കാണ്മൂനമ്മൾം ഹാ ! ചിലപ്പോൾ
രാഘവനെ;

സ്വാർത്ഥചിന്താപരനായും മറു ചിലപ്പോൾ. 170

പൂരുഷൻതൻ ദിവ്യതയ്ക്കു പൂർത്തിയില്ല; കരിപ്പുമ്മി
സൂരനിലും സുലഭം താൻ സൂക്ഷിച്ചപാർത്താൽ

ഭിന്നയതിൽനിന്നു വധുവെന്നു ചൊന്നാളെരികനൽ–
പ്പൊന്നശോകത്തോപ്പു വീണ്ടും പൂകിയിദ്ദേവി.

അണയാത്ത മണിവിള.ക്കഴിയാത്ത കുങ്കുമപ്പൊ,–
ട്ടണിവാടാമലർമാലയിവനിക്കിവൾ.

vii

ഇനി വേറിട്ടൊരു ചിത്രം,മിതിലും കണ്ടിടാമൊരു
വനിതമാർമണിയേയും മനുജനേയും.

ഉഗ്രസേനദേവകാഖ്യസോദരർതന്നപത്യങ്ങ–
ളിക്കംസനുമിളയോളിദ്ദേവകിതാനും. 180

എന്നറിഞ്ഞു തൽഭഗിനിതൻ സുതരിലൊരുവനാൽ

തന്നുടതിവരുമെന്നാത്താമസശീലൻ;

അന്നതൊട്ടു മറക്കയായുറന്നെറിമുറയെല്ലാ;–

മുന്നമവന്നൊന്നുമാത്രം—സപ്രാണത്രാണം.

ഏതുമൊരു ക്രൂസലെന്ന്യേ വാളുലച്ചാൻ വധിക്കുവാൻ

സോദരിയെ—നവോഢയെ—നിതംബിനിയെ;

ക്രൂരവിട്ടു കൂട്ടുകിനാൻ ക്രൂട്ടിനുള്ളിലവംപെറോ–

രാറു പിഞ്ചുകിടാങ്ങളെക്കശാപ്പു ചെയ്താൻ.

ചക്രവത്തിക്കൊരു സാധുസ്ത്രീയൊടേതുവിധമെല്ലാ–

മക്രമങ്ങൾ തുടന്നിടാ,മവ തുടന്നാൻ. 190

വിശങ്കമക്ഖലൻ തന്നെ വിജയിയെന്നുറയ്ക്കുവേ

വിശ്വംഖലം വിധിയതിൻ വിളയാട്ടം കാട്ടി.

പിറന്ന തൻ മരുമകൻ—പിതൃപതി—ഭഗിനിതൻ

തുറുങ്കിൽ, മറെറാരു ദിക്കിൽപറന്നുപോയി;

ഉത്തരിലുള്ളോരുണ്ണികളെയൊക്കെയും കൊന്നൊടുക്കീട്ടും

വൈരിയവൻ വളരുന്ന വാട്ടമില്ലാതെ.

വരുവതു വരുമെന്ന കരുതീല; വരായ്കതി– 97.

ന്നൊരുപരദേവതയോടിരന്നുമില്ല;

പെരുഷംകൊണ്ടെതിർത്തീലാപ്പാപിയേതുംനിയതിയെ–

ബ്ഭീരുതയിൽ വെറുമുച്ചുപ്പിച്ചേതോ കാട്ടി. 200

തൻനിഴലിൽത്താൻപതറിക്കണ്ണിമ തെല്ലുടയാതെ–
നിമിഷം
യെണ്ണിയെണ്ണി ഞൊടിയോരോന്നവൻ കഴിച്ചു.

താൻ പടുത്ത നരകത്തിൽ— താൻവളർത്തകൊടുന്തീയിൽ
ഈ അവസരത്തിൽ
സാമ്പ്രതമദ്രോഹി വീണ ചാകാതെചത്തു.
മിത്രദ്രോഹികൾ മരണം കൂടാതെ
ഭാഗിനേയനരുളിന പഞ്ചത്വയപ്പാതകിക്കു

ലോകദൃഷ്ടിയിലുമൊരു മോചനമായി.

ശിശ്രൂക്കളെ വധിച്ച തന്നസുക്കളെപ്പുലർത്തുവാൻ
പശ്രുക്കളും കൊതിക്കുമോ? പതിതൻ മർത്ത്യൻ!

* * *

ഭ്രുവിക്കുടശരീരം രോമാഞ്ചമാം വസ്ത്രം
ഭ്രുവപ്പസ്സു പുളകമാം ഭ്രുഷണത്താലണിയിച്ചു
ദേവദേവജനയിത്രി ദേവകീദേവി. 210
അവിടത്തേത്തിരുവയറവനിക്കു സമർപ്പിച്ചു
ഭവഭയശമനമാം പരമൈനുഷ്ഠം.

* * *

കുഞ്ഞുകണ്ണന്നീറനുപുര കൽത്തുരുക്കു; തായ്മുലപ്പാൽ
നുഞ്ഞുചാവു; മൃതപ്രായർ മാതാപിതാക്കൾം.
മാതുലന്റെ കല്പനയാൽ മർത്ത്യപാശർ ജിഘാംസുക്കൾം—
മാട്ടപോലും—ശ്വസിക്കുന്ന മാരുതൻ പോലും!
ദേവകംക്കമവരിൽത്താൻ സ്നേഹമുള്ളിലെന്നു തോന്നു–
മാവിരിഞ്ചപ്രമുഖർ തന്നകൃത്യം കണ്ടാൽ.

ആയവക്ക് സകലക്കും ഹാനി ചേത്തു സുജനങ്ങടം–

ക്കായർകുലച്ചെവ്വൈതലാനന്ദമേകി. 220

പള്ളിയോടക്കഴൽവഴി പാലമുത്തുമഴ പെയ്തു
കല്പിനേയുമലിയിച്ചു കല്യാണമേഘം.
സത്തുകടംക്കു മഖത്തിങ്കൽ കാൽ കഴുകും; തനിക്കൊരാൾ

ഭക്തനായാലവനേതു ദാസ്യവും ചെയ്യും;
കേഴുമൊരു സതിക്കേകും പട്ടസാരി; കൃപണനെ–

യേഴുനിലമാളികയിലേറിപ്പുലത്തും;
ചമ്മട്ടിയും കയ്യുമായിഭൂമക്ഷേത്രപ്പോക്കളത്തി–

ലമ്മഹാത്മാവജ്ജനൻതന്നകം തെളിവാൻ
തേത്തടത്തിൽ നിന്നുകൊണ്ടു ചെയ്ത ദിവ്യഗാനമിന്നും
പാത്തലത്തിൻ ദരികളിൽ മാറെറാലിക്കൊണ്ടുവു. 230

നാഥനന്തു നൽകിയൊരു നാന്മറപ്പാൽനവനീതം
നാദബ്രഹ്മചൈതന്യത്തിൻ നവാവതാരം;
വാനിലേറുമെഴുന്നൂറു കല്പടവുള്ളൊരു കോണി;
മാനസം പോയ് മുഴുകേണ്ടും ജാഹ്നവീതീർത്ഥം.

കായ്സാരം കഥിച്ചോരക്കമ്മയോഗമാർഗ്ഗദർശി–

യായ്ത്രമിക്കായുഗാന്തമാചായ്യാചായ്യൻ,
"സത്യധർമ്മപഥങ്ങളിൽസഞ്ചരിച്ചോ,നിഹത്തിൽഞാൻ
കൃത്യലോപം വരുത്താതെ ജീവിച്ചോ,നെന്നാൽ

എൻകിടാവു കൺമിഴിക്കുമിക്ഷണ"മെന്നരുൾചെയ്യ
തൻകരംകൊണ്ടവനൊന്ന തലോടി നിൽക്കേ 240

ദ്രൌണിയെങ്ങു? തദസ്ത്രത്തിൻജ്വാലയെങ്ങു? മൃതിയെങ്ങു?
ചേണിയന്ന പരീക്ഷിത്തു ജീവിച്ചു വീണ്ടും.

ഗോപൻപോലുമവൻ; ശരി; ഗോക്കൾ മർത്യ,രവരുടെ
താപശാന്തിക്കവൻ തേടി ധാത്രിയിൽ ജന്മം.

ഗോക്കളെയാണവൻകാത്ത,തോമ്മവേണം; പോര–
[മർത്യൻ
വ്യാഘ്രമായാൽ—ഫണിയായാൽ—ഗോമായുവായാൽ.
ആനുശംസ്യംകൊണ്ടു വേണ,മാത്മദമംകൊണ്ടുവേണം
മാനുഷരപ്പുരുഷപാലമാഹാത്മ്യം കാണ്മാൻ

മങ്ങ്ഗലാത്മാ മഹായോഗി മരതകമണിവർണ്ണൻ
ഞങ്ങളുടെ വാസുദേവൻ ഞങ്ങൾക്കു ദൈവം. 250

തമ്പുരാൻ തന്നരിയ കൈത്താമരതൻ തലോടലി–
ക്കുംഭിനിയാം കുബ്ജയുടെ ക്ലന്ന നിവിർക്കും.

മുത്തെട്ടത്തു ധരിക്കും നാം ശ്രുതികീകയെ മറക്കാമോ? —
ദുഃശ്ശമമായ നമുക്കേകും ഗോമാതാവെന്നോ?

ഖ്യാതിയുടെ കളിത്തോപ്പായ് ക്ഷംസഭിത്തിൻ ജനയിത്രി
ഗീതയുടെ പിതാമഹി ജയിച്ചീടുന്നു.

Viii

കാൺക വേറിട്ടൊരു ചിത്രം,മതിലുണ്ടൊരുപുള്ളി–
മാൻകിടാവുമിഴിയാളുമൊരു പുമാനും.
കുണ്ഡിനേശൻ ഭീഷ്മകൻതൻ മക്കളിവൾ;രേട്ടൻ രുക്മി;
കൊണ്ടൽവേണിയിളയവൾ രുക്മിണീദേവി
അ മഹീശകിടാവുകന്നാദിമുതലാത്മമിത്രം
ദാമഘോഷി ശിശുപാലൻ സജ്ജനദ്രോഹി.
ഹീനരുമായ് സഹവാസമെത്ര ഹേയം? കടൽതൊട്ടും
വാനവർതൻ പുഴയിലേ വാരിയും ക്ഷാരം.
ചേദിപന്നു ഭഗിനിയെ ജ്യേഷ്ഠനേകാൻ നിശ്ചയിച്ചാൻ;
താതനേയും കൊല്ലുമവൻ തന്നോടിടഞ്ഞാൽ
തുഷ്ണപാണ്ഡു മുകുന്ദനിൽ സ്നേഹമുടിമുത്തവൾക്കേറി,
കൃഷ്ണനുമക്ഖലനുമോ കീരിയും പാമ്പും.
കണ്ടതില്ല കഴിവൊന്നും; കണ്ടവൻറെ കൈയിൽനിന്നു
കണ്ടപാശം പതിക്കുവാൻ കാലവുമായി.
സുന്ദരിക്കു തുണയുണ്ടു രണ്ടുപേ,രൊന്നലരമ്പൻ;
പിന്നെയൊന്നൊരശരണൻ പൂണൂനൽക്കാരൻ.
പോരുമവർ; കാണികൾതൻ കണ്മിഴികളോടു കട്ട
തേരിലേറീ ദയിതയെദ്ദേവകീപുത്രൻ.

കാപ്പുകെട്ടിയിരുന്നോരു കൈ വയറ്റിൽവെച്ചുചൊദ്യൻ
ഓപ്പയല്ലേ? പെണ്ണിനു പിൻപോടി രുക്മിയും.
"ഗോരസത്തിൽനിന്നു സാരി! സാരിയിങ്കൽനിന്നു നാരി!
ചോരനിവൻ വിളയുന്ന വിളച്ചിൽ കൊള്ളാം !!
കാലി മേയ്ക്കും ചെറുക്കനെക്കാലന്തുരിനയച്ചേ ഞാൻ
കാല്യ കുത്തു പുരിയി"ലെന്നാണയിട്ടോതി. 280
നമ്മടതൻ തടത്തിൽ പോയ് നാളീകപ്പേമഴ പെയ്യാൻ;
നമ്മരീതിക്കൊരു കണ നാഥനുമെയ്യാൻ;
പൈങ്കിളിനേർമൊഴിയാമംതൻ പ്രാർത്ഥനയാൽ
[മീശ പോക്കി–
യൈങ്കടുമ്മവെച്ചയച്ചാൻ സ്യാലനെദ്ദേവൻ.
ഭീരുവിന്നു കൃതാർത്ഥമായ് ഭോജകടവാസംകൊണ്ടു
വീരവാദ,മവൻ മാനി;ദൈവവും മാനി !
പ്രദ്യുമ്നനു നൽകിനാൻ തൻ നന്ദിനിയെബ്ഭഗിനി
[യാൽ
ഉത്തമായ ജീവിതത്തിൻ നിഷ്കൃതിപോലെ.
ചൂതിൽവെച്ചു മുസലിയാൽ തോൽവിവന്ന പൊഴുതിലും
പാതകി താൻ ജയിച്ചതായ്പാഴ്പ്പൊളിയോതി. 290
"മന്നനുമായ് ച്ചൂതിനാശ മാട്ടിടയച്ചെറുക്കനു;
മണ്ണതിനിപ്പാമ്പിനാശ വാസുകിയാവാൻ !"
എന്നരച്ചു ചിരിപ്പുളവീറപൂണ്ടോരെതിരാളി
തന്നുലക്കകൊണ്ടു തല തച്ചുപൊളിച്ചു.

ലോലമാം തൻ രസന താൻ മാരണവാളവന്നെന്നാ;–
യാളറിയാക്കളിയാക്കുമാപത്തുതന്നെ.

* * *

പതിനാറായിരത്തെട്ട പരമസുന്ദരിമാരാം
പതിവ്രതാമണിമാർതൻ പതി ഭഗവാൻ.
ശീലമലർമാലികയ്ക്കു കെട്ടപെട്ട ചെയ്യപോന്ന
നീലമിഴി രുക്മിണിക്കു നിത്യകൈങ്കര്യം. 300

വില്ലുകൊണ്ടു പയറാനും വിണ്മരത്തെപ്പിഴുക്കാനും
തെല്ലുമവർക്കൊരു കൊതി ചേതസ്സിലില്ല.
ഭാമയൊരു കവിത തൻപ്രാണനാഥനന്നരിയോരീ–
യോമലാളൊരുപനിഷദ്ദേവതാഭേദം.
ആകെയവളിത്തരത്തിലാത്മകാന്തഹൃദയമാ–
മേകച്ഛത്രസാമ്രാജ്യത്തിന്നീശ്വരിയായി
മരുവിടുമൊരു നാളിൽ മലർമകഠംമണവാളൻ
ഹരിയുമായ് ശയനീയമണഞ്ഞീടവേ;
ഇരുവരുമിരുവർതൻ തിരുവുടലൊളിയമൃ–
തിരുമിഴിമലർകൊണ്ടും നുകർന്നീടവേ; 310

പരിമൃദുവിശറികൊണ്ടരുവയർ തെരുതെരെ–
പ്പരിമളച്ചെറുതെന്നലിളക്കിടവേ,
അണിയിളങ്കരതളിർത്തരിവളക്കിലുക്കത്തിൽ
മണിയറ മുഖരമായ് ചമഞ്ഞിടവേ;

ഓതി ചിരിച്ചൊരു വാക്യമോഷധീശമുഖിയാമ–
മ്മാതർകുലമണിയോടു മായാമനുഷ്യൻ.
"ദേവി! കേഠംക്രു മനസിജദിഗ്വിജയപതാകികേ!
നീ വിദർഭനി പെറ്റ ഹീരകമല്ലേ?
ആഴിചൂഴുമൂഴിവാഴുമായിരം പേർ നിൽക്കെ നീയി–
പ്പാഴിടയക്കുരങ്ങന്റെ ഭാര്യയായല്ലോ! 320
കാറെതിർമെയ്യുടയവൻ; കാലി മേച്ചു കിടന്നവൻ;
താവുമാറായ് നടന്നവൻ ശൈശവത്തിങ്കൽ;
ആയർകുലവധുക്കൾതന്നാടവാരിക്കളിച്ചവൻ;
മായകാട്ടിജ്ജനങ്ങളിൽ വ്യാമോഹം ചേർപ്പോൻ;
മങ്കുയയും മാട്ടിനേയും മാമനേയും വധിച്ചവൻ;
വൻകടലിന്നകം വാഴും ഭാശാർഹഭാശൻ;—
ഔചിതിതൻ ഗന്ധമെങ്ങുണ്ടസ്മദീയദാമ്പത്യത്തിൽ?
രാജഹംസി ഭവതി; ഞാൻ ക്രൂപമണ്ഡൂകം.
വേറെയൊരു ഭയിതനെ സ്വീകരിക്കു; ജയിക്കട്ടെ
ചാരിതാർത്ഥ്യമിയന്ന നിൻ ദാമ്പത്യധർമ്മം." 330
ഈ മൊഴി—യല്ലിടിത്തീ—തൻ ഹൃത്തടത്തിന്നകം
[പാഞ്ഞു
കാമിനിയെക്കഥാശേഷകല്യാണയാക്കി.
തയ്യലിന്റെ കൈയിൽനിന്നു താലവൃന്തം തെറിക്കുന്നു;
മയ്യണിഞ്ഞ മിഴി നീരിൽ മഗ്നമാകുന്നു;

പൂമുഖമെയ് വിറയ്ക്കുന്നു; പൂങ്കുഴൽക്കെട്ടഴിയുന്നു;
രോമകൂപപരമ്പര വിയത്തിടുന്നു.
കണ്ണുമങ്ങിത്തലചുറ്റിക്കണ്ണനുടെകഴൽപ്പാട്ടിൽ
ദണ്ഡപാതം പതിക്കുന്ന ദീനയായ് ദേവി.
"തെറ്റിയെൻറെ രുക്മിണി! നിൻ ദിവ്യത ഞാൻ
[ധരിച്ചീല
ചെറുപോലുമിതേവരെദ്ദൈവതമാനി! 340
നന്മലരിൽത്തടഞ്ഞാലും നൊന്തിടും നിൻ മൃദുമേനി;
നമ്മവാക്യം ശ്രുവിച്ചാലും വെന്തിടുമുള്ളം."
ഏവമോ തിട്ടയിതയെ ലബ്ധസംജ്ഞയാക്കി ദേവൻ
കേവലമിസ്സതിയല്ലീ ഗേഹിനീരത്നം?

ix

അടുത്തുകാൺകൊരു പടമതിലുണ്ടരിയോരു
മടുത്തുകും മൊഴിയാളും മനുജൻ താനും.
സുബലൻതന്നപത്യങ്ങളിരുവരു,മതിലേട്ടൻ
പ്രപഞ്ചത്തിൻ കലിവിത്താം ശകുനി ധൂർത്തൻ.
സുതശതജനയിത്രിയിളയവരം മിഴിയറ
ധൃതരാഷ്ട്രനുപതിതൻ കുലവധൂടി. 350
ആരറിയില്ലാതതായി ശകുനിയെ? യവനത്രൈ
കൈതവവർതൻ കുലത്തിനു കണ്ടുകോടാലി;

ഉള്ളങ്കാൽതൊട്ടുച്ചിയിലെ രോമംവരെച്ചുതുർമ്മുഖൻ
കള്ളംകൊണ്ടു പണിചെയ്ത കാപഥഗാമി;
അമ്പു വില്ലിൽ ശത്രുവിൻെറ മുന്നിൽനിന്നു
[തൊട്ടുക്കാത്തോ–
നൻപുവിട്ടു പാർഷ്ണിഗ്രാഹപ്രവൃത്തി ചെയ്യോൻ.
സൂതപുത്രൻ സ്വാമിഭക്തിപാരവശ്യംകൊണ്ടു കെട്ടാൻ;
ഭ്രാതൃസ്നേഹമൂർച്ഛകൊണ്ടു ഭഗ്നാസനനും;
അമ്മട്ടല്ല മാതുലനാം സൌബലൻതന്നുപചാരം
നിർമ്മയൂഖമത്തമിസ്രം നീരന്ധ്രനീലം. 360
മാമനാൽ തൻമരുമകൻ ജാല്മനായാൽ തൽകുടുംബം
നാമമാത്രശേഷമാവാൻ നാളെത്രവേണം !
ഹാ ! കനത്ത തദക്ഷം താൻ തൻകഴുത്തിൽക്കരിങ്കല്ലായ്
നാഗകേതു കെട്ടിത്തൂക്കിക്കയത്തിൽത്താണു.

* * *

പ്രാതിസ്വത്യപരിപൂതപ്പാൽപ്പയോധിപ്പൈതലെന്നായ്
ഖ്യാതിപെററാൾ തൽഭഗിനി ഗാന്ധാരീദേവി.
ഭർത്തുപരിചയ്യുകൊണ്ടു നിഗ്രഹാനുഗ്രഹങ്ങൾക്കു
ശക്തയായാൾ തപസ്വിനി സൽപഥദീപം.
"അടിമലർ തുണയമ്മേ ! യരികളെ ജയിക്കുമാ–
റടർനിലം പൂകുമെന്നെയനുഗ്രഹിക്കൂ !" 370

എന്നുചൊല്ലിക്കഴൽക്രൂപ്പും തൻസുതൻ സുയോധനനെ–
ക്കണ്ണനീരാൽക്കഴിവതും കഴുകിനോക്കി
"എങ്ങുധമ്മമങ്ങു ജയ, മെന്മകനേ ! പരമേതു–
ണ്ടിങ്ങു നിന്നാൽ പ്രാത്ഥ്യ,മെന്നാൽ ദേയമിതിങ്കൽ?"
എന്നുമാത്രമുരചെയ്തു യാത്രയാക്കി ഭരതോർവി
തൻ ദുഹിതാവിവളാദ്യം—തദംബപിന്നെ.
ക്രൂടയുദ്ധം ചെയ്തു കൊന്നാർ പാണ്ഡുപുത്രരവനെയെ–
ന്നാടൽപൂണ്ടു ധരിച്ചോരസ്സാധുചിതൻ നോട്ടം
ചരണങ്ങൾ പണിയുന്ന സമവത്തിസുതൻതൻ കൈ–
വിരൽനഖങ്ങളിലാദ്യം പതിച്ചനേരം 380
അവ വെന്തു കരിയവേ,യലിവാൻ പിൻതിരിച്ചാ–
ളവൾ തൻതീക്കനൽമിഴിയവനിൽനിന്നും.
ഭാരതാജിനാടകത്തിൻ സൂത്രധാരൻ, പാത്ഥസൂതൻ,
ഘോരദൈന്യകാളരാത്രി, ഗോവിന്ദമൂർത്തി;
ഭ്രാജമാനഭഗദത്തപാണിമുക്തവൈഷ്ണവാസ്ത്രം
വൈജയന്തീമാലയായ്ത്തൻമാറിൽ ധരിച്ചോൻ;
ധർമ്മസുതപക്ഷപാതി, ശൈരി തപ്തഹൃദയയാ–
മമ്മഹതിയരുളിന ശാപം നിമിത്തം
ഏതുമൊരു പാരുഷ്യമേശിടാത്ത തനിക്കന്തം
വ്യാധനെയ്ത കണകൊണ്ടു വന്നതു കണ്ടാൻ. 390

ആരു കാൺമൂ സതീധർമ്മപാരിജാതത്രമബല,–
മാരു കാൺമൂമഹാനസമഹഃപ്രഭാവം?

x

വേറെയൊരു പടമിതാ! കാൺകതിലുമിരുപേരെ;
നാരിമുടിപ്പൂൺപൊരുവാൻ നരനപരൻ.
മക്കളിവരിരുവരും മത്സ്യരാജ,ന്നുത്തരാഖ്യ–
നഗ്രജന്മാ, വവരജയുത്തരാദേവി.
കീചകനാൽ ജയം നേടി മത്സ്യത്രൈവക്കിതവന്നോ
കാത്തു പോരും! കള്ളപോരും; കാമിനി പോരും.
പോർമിടുക്കു മകൻേറതെന്നോത്തു മാനിച്ചവന്നേകി
ത്രമിഞ്ജയനെന്ന നാമം ദ്വിജഭവേന്ദ്രൻ.
നടുവിടഘടയുടെ നടുവിലപ്പടുവങ്കൻ
കടലാടി കണക്കൊട്ട കഴിച്ചു കാലം.
ധർമ്മൃതിയെന്നാൻ മാമൻ, ദ്രരെയന്നു തൻെറ പുലി–
പ്പായ്മുഖംപോയ് മരുമകൻ പൂച്ചയായ്ത്തീൻ.
വൻപനാകും ത്രിഗർത്തേശൻ വൈരശുദ്ധിക്കണയവേ
തൻപടയോടെതിർത്തു പോയ്ത്താതനവനെ.
ആത്തരത്തിൽ വിരാടൻെറ ഗോധനത്തെ ഹരിക്കയായ്
ധാർത്തരാഷ്ട്രൻ സമസ്താഭിസാരസമ്പന്നൻ.

കുന്നുപോലെയുയർന്നുള്ള കോട്ടമതിൽ ചുഴലുന്ന
മന്നനുടെയവരോധമാളികയ്ക്കുള്ളിൽ 410
തുണ്ടുചാരി,യൊരു മിഴി കതകിലു,മൊരു മിഴി
കാണികളാം കാന്തമാർതൻ മേലും, നടത്തി
തൻപൊടിമേൽമീശയിന്മേൽ കൈവിരൽകൾ ചരിപ്പിച്ചു
വൻപിലോരോ വീരവാദം വൈരാടി പേശി.
പടയിലെപ്പകാരത്തിൻ പകുതി കേൾക്കുകിൽപ്പോലും
തുടതുള്ളുമവൻറെയത്തനിവു കാൺകെ
അമ്മുറിക്കു പുതിയൊരു വെൺകളിച്ചാത്തണിയിച്ചാൾ
തൻമുഖവൽനിലാവിനാലുത്തരാദേവി.
ആരുരുനേർമിഴിയാൾതന്നഗ്രജനെത്തുണച്ചാൻ പോയ്
സാരഥിയായ് ബൃഹന്നള,സെഴുഹാർട്ടുനിഷ്ണൻ. 420
ചാരുവേ താൻ സാധുകണ്ടാൻ സാഗരത്തിൻ സമതയിൽ
വീരശൂരവിശിഷ്ടമാം വിപക്ഷസൈന്യം.
ശാന്തനവൻ ഭാരദ്വാജനശ്വത്ഥാമാവങ്ഗരാജൻ
ശാരദ്വതൻ സുയോധനൻ ദുശ്ശാസനാദ്യർ;
ഹസ്തികാംതൻ ബൃംഹിതങ്ങളം; ഹയങ്ങളംതൻ
[ഹേഷിതങ്ങളം;
പത്തികാംതൻ ഭയങ്കരസിംഹനാദങ്ങളം.
തേരുരുളുമൊലിയിടി; വാളുലയും പിളർമിന്നൽ;
ഘോരചാപനിര തുകും ക്രൂരമുമാരി;

ആക്കുമാരനവയെല്ലാമാദ്യമായ്ക്കണ്ടമ്പരന്നു
ശീഘ്രമായ്ത്തേർ തിരിക്കുവാൻ ജിഷ്ണുവോടോതി 430
"മാനമില്ലേ നിനക്കെന്റെ മത്സ്യരാജകുമാര? നീ
ദ്രുനതാങ്ഗി പുണരുന്ന പുണ്യവാനല്ലേ ?
ആണവാക്കുമറുത്തു നീയാണത്തംവിട്ടങ്ങു ചെന്നാൽ
പാണികൊട്ടിച്ചിരിക്കില്ലേ ഭാമിനീലോകം ?"
എന്നരയ്ക്കും സാരഥിയോടേവമവനോതി; "നിന-
ക്കെന്നെക്കൊല്ലിച്ചെന്തുവേണമെൻ ബൃഹന്നളേ ?
മാനമൊന്നുണ്ടുയരത്തിൽ; വാസവൻതൻ വാസഗേഹം;
മാനവൻ ഞാനിരിപ്പതോ മർത്യലോകത്തിൽ.
ആരുവേണം ചിരിക്കട്ടെ;യാരുവേണം കരയട്ടെ;
ആരവരിൽ പ്രതിദ്രുവെന്നായസ്സിന്നാവോ ? 440
ഇത്രനാളും ഭുജിച്ചില്ലേ ഗോരസം ഞാ,നിനിത്തെല്ല
ശുദ്ധജലം കുടിച്ചാലും ദോഷമെന്തുള്ളൂ ?
മാട്ടു വേണ്ടാ ! വീട്ടു വേണ്ടാ ! നാട്ടുവേണ്ടാ; നമുക്കൊന്നും
കൂട്ടുവിട്ടും പ്രാണനെക്കാൾ കൂട്ടതലല്ല.
ഭോഗ്യമായിട്ടെത്ര കൂട്ടം ഭൂവിലുണ്ടു ? നപുംസക-
മാക്കഥ നീയറിവോളല്ലാക്കെന്തുചെയ്യാം ?
ദൃഷ്യമില്ലെൻജനിത്രിതൻമുന്നിലെന്നെയണയ്ക്കു! ഞാൻ
കാശ്യപിതന്നഭിസാരം കാമിപ്പോനല്ല."

അപ്പോളോതി ധനഞ്ജയനാരുതാനെ,ന്നതു കേട്ടേ—
യല്പമൊരു ഭയമവന്നകന്നതുള്ളു.
ആഹവത്തിലരിഃത്രൈണിക്കാകമാനം സവ്യസാചി
മോഹനാസ്ത്രം പ്രയോഗിച്ചു മൂർച്ഛ നൽകവേ
ഉത്തരമാം ക്ഷണത്തിങ്കലുത്തരൻ ചെന്നവരുടെ—
യുത്തരീയം കട്ടകൊണ്ടാനുജ്ജിതത്തോടെ.

* * *

അത്തരത്തിലൊരുവല്ലങ്ഗനമാക്കണിയലാ—
മുത്തര;യാവധൂടിതൻ ഗുരു കിരീടി.
ചൂതുകളിക്കാരനച്ഛൻ; ഉർവ്വത്തക്കു തൊട്ടുകുറി
മാതുലൻ; തദഭിമതദാത്രി ജനിത്രി;
വിഡ്ഢിയേട്ട;നിത്ഥമുള്ള തൽകുടുംബമരുവിങ്കൽ
സ്പഷ്ടമവളൊരുവഴിതാൻ ശാദ്വലഭൂമി 460
നൃത്തഗീതകലകളിലഞ്ചുവർഷം വിജയന്നു
ചിത്രസേനമുഖർ ചെയ്ത ശിക്ഷാവിശേഷം
വേരിയൊളിമൊഴിയാളാമായവളിൽച്ചെന്നുചേർന്നു
ചാരിതാർത്ഥ്യമാർന്നു; മാത്സ്യം വാനമായ്ത്തീർന്നു.
വാസവൻതൻ പൌത്രനാകുമഭിമന്യുകുമാരനെ—
വാസുദേവഭഗവാൻതൻ മരുമകനെ—
മാലയിട്ട മഹിതമാം മതിവംശം തഴപ്പിച്ചാ—
ളാലലനാമണി,യാക്കുമാദരപാത്രം.

xi

കാണുക നീയിനി വേറിട്ടൊരു പട,മിതിങ്കലും
മാനിനിമാർമണിയൊന്നു, മറെറാന്നു മർത്യൻ. 470
ദ്വിഷ്ടയമൻദ്രുപദൻതൻ മക്കളിവ,രതിലോട്ടൻ
ധൃഷ്ടദ്യുമ്നൻ,നിളയവൾ ദ്രൌപദീദേവി.
അഗ്ന്യുത്ഥിതാചീഭരദ്വാജതപഃഫലപരിണാമ;–
മഗ്നിവേശമഹർഷിതന്നഗ്രിമശിഷ്യൻ,
ജാമദഗ്ന്യഭഗവാൻതന്നസ്സുധനദാനപാത്രം,
ചാപനിഗമാക്രമപാരപാരാവാരീണൻ;
വീരലക്ഷ്മീസ്വയംഗ്രാഹപരിഷ്വംഗചരിതാർത്ഥൻ;
കൌരവക്ഷ്മം പാണ്ഡവക്ഷ്മം കളരിയാശാൻ;
ദ്രോണരുടെ രോമമാമഗ്നേരസിംഹസടതാടാ–
നാണൊരുവനവനിയിലാരു പിറന്നു ?
ആരുമില്ലെന്നിരുന്നാലുമപ്പുമാൻതൻ വധത്തിന്നു
പോരുവോൻ താനെന്നുറച്ചു ഭോഷൻ പാഞ്ചാല്യൻ.
സാർത്ഥമേ ! നിൻ മറിമായമെന്തുചൊല്വൂ !
[വരുത്തീലേ
ശ്രാദ്ധദേവതനയന്നും സത്യഭംഗം നീ ?
വില്ലുകൊണ്ടു ലഭിക്കുവാൻ വിഷമമാം വിജയത്തെ–
ക്കല്പവെച്ചു കളവോതിക്കരസ്ഥമാക്കി.

നാല്വവിരലവനിയിൽ തൻപടത്തേരുരുൾ താഴ്ത്തി–
ക്കാലപുരുൻ നിജഗുരുകാലനായ്ത്തീർന്നു.
ധർമ്മജനിൽ വിശ്വാസത്താൽ—തനയനിൽ
[വാത്സല്യത്താ—
ലമ്മഹാത്മാവത്തരത്തിലസ്സസത്വനായ്. 490
സാദരമുറവു യോഗയുക്തൻ തൽക്ഷണത്തിലക്ഷിബിംബം
ഭേദനംചെയ്തതിൽ മിന്നിവേറിട്ടൊരക്കൻ.
തത്തടത്തിൽ കിടക്കുന്ന ജീവനറ്റ തദ്വപുസ്സി–
ലാത്തണഞ്ഞു കത്തിയോങ്ങിക്കഴുത്തുവെട്ടി,
അരുതരുതൊരു വിരുതിതിലില്ലെന്നിരുപാടും
പൊരുതുവോർ തെരുതെരെ വിലക്കിനില്ക്കേ,
ധൃഷ്ടദ്യുമ്നൻ ജിതകാശി തൃപ്തനായിത്തിരിച്ചെത്തി
പിഷ്ടപേഷകൃതകൃത്യൻ, ബീഭത്സുവുത്തൻ.
വൻപിനോടശ്വത്ഥാമന്റെ മസ്തകത്തിൽക്കഴൽവെച്ചു
തൻപഴയ കുടിപ്പക വീട്ടിനാൻ ജാല്മൻ. 500
കുറവല്ല കൊടുംക്രോധക്കോളിലുള്ളമുലഞ്ഞുല–
ഞ്ഞുറവകൈക്കു നടുരാവിലാശരകപ്പൻ
പാദതലാഹതികൊണ്ടപ്പാതകിയെക്കൊലചെയ്യാൻ
വീതശങ്കമുറച്ചതു വിഭ്രാന്തൻ ദ്രൌണി.
"അരുതിമ്മട്ടപചാര!മവിടുന്നെൻ കഥയൊരു
കരുകൊണ്ടു കഴിക്കുവാൻ കനിയണമേ ?"

എന്നിരന്നു കരയുന്ന പാഞ്ചതൻതൻ തനയനെ–
ത്തന്നുടയ കഴൽകൊണ്ടു ചവിട്ടി വീണ്ടും
"ഇല്ലയല്ലോ ഗുരുദ്രോഹിക്കേതു ശസ്ത്രക്രിയകൊണ്ടും
നല്ലലോക"മെന്നു ചൊല്ലി ദ്രോണകുമാരൻ
ഉടനടിയടിച്ചിടിച്ചൊടിച്ചുടച്ചവനുടെ
തടി പൊടിതവിടാക്കിത്തകത്തുവിട്ടു.

* * *

പാണ്ഡവേയപതിപ്രാണ, ഭാരതീയപൌരുഷത്തിൻ–
താണ്ഡവക്രുത്തരങ്ങുതാൻ ദ്രൌപദീദേവി;
പെൺവടിവിലാണ്മ വന്നു പൃഥിവിയിൽപ്പിറന്നതാ–
ണിമ്മഹിളാമണി, യതിന്നീഷലില്ലീഷൽ.
പഞ്ചപഞ്ചജനങ്ങൾതൻ ഭാര്യയാകുന്നതിൽഭേദം
പഞ്ചശീർഷപന്നഗത്തിൻ പാണിപീഡനം.
ആക്കൊടിയ നിയതിതൻ ശോധനയിൽ ജയംനേടി
ശ്ലാഘ്യമായ് ത്തൻദാരധർമ്മം ചരിച്ചാൾ സാധ്വി.
സാഹോദര്യം പാണ്ഡവർക്കും സുന്ദോപസുന്ദർക്കും തുല്യം;
ഗേഹിനിക്കും മോഹിനിക്കും മാത്രം വിശേഷം.
"മായയേതിൻ—മരുന്നേതിൻ—മന്ത്രമേതിൻ
[മഹിമയാൽ
നീയടക്കിബ് ഭരിക്കുന്നു നിൻ പതികളെ ?"

ശോഭനയാമവളോടിച്ചോദ്യമൊരുനാൾ തുടങ്ങി
രൂപവിദ്യാമദമാന്ന സത്രാജിൽപുത്രി.
അരിശത്തീയലിവുനീരിവ രണ്ടുമിടകല–
ന്നിരുളിന മിഴിക്കടയവളിൽച്ചാത്തി
ഓതി ദേവി മൊഴിയേവം; "പാതിവ്രത്യമൊഴിഞ്ഞുണ്ടോ
ഭൂതലത്തിൽ വധുക്കൾക്കു പൂജ്യമാം വശ്യം ?
ദൈവതങ്ങളായ് നിനച്ചെൻ നാഥരെ ഞാൻ ഭജിക്കുന്നു
ദേവതയായ് നിനച്ചവരെന്നെയും നിത്യം.
പാണിയോടു പാണി ചേർന്നാൽപ്പോര! ഹൃത്തു
[ഹൃത്തിനോടു–
ചേണിയന്നു ചേരുകിൽത്താൻ ദമ്പതീഭാവം.
സത്യമാമസ്സംബന്ധത്തിൽ ശ്രദ്ധവയ്ക്കു സഹോദരി!
സത്യഭാമേ!—ചതുർവർഗ്ഗസന്താനത്തിങ്കൽ."
ഭാരതപ്പോർ ജയിച്ചതു ഫൽഗുനന്റെ ധനുസ്സല്ല;
മാരുതിതൻ മർമ്മഭിത്തിയാം ഗദയുമല്ല;
ശൌരിയുടെ ചക്രമല്ല,സ്സാധികൾക്കു മുടിപ്പൂൺപാം
കാറൊളിവാർകുഴലിതൻ കൈശികഖഡ്ഗം !
ഹാ ! ജഗതീധൂമകേതു നാഗകേതുവരുൾ ചെയ്ത
രാജസൂയജലാർദ്രമാം ദ്രൌപദീകേശം
എന്നു തൊട്ടു തദനുജ.നന്നു വിട്ട കൌരവരെ–
പ്പുണ്യലക്ഷ്മി; കടാക്ഷിച്ചു കാസരവാഹൻ.

അന്നഴിഞ്ഞ കബരിക്കു പിന്നെയെണ്ണതടവല–
ക്കന്നനുടെ കലർപ്പുറ കണ്ടുരക്കത്താൽ;
പൂഴിയിങ്കലിഴയുമാക്കാളഭോഗിയുടെ ഭുക്തി
പാഴനാമപ്പാതകിതൻ പ്രാണമരുത്താൽ.
ആവധുവിൻ തപശ്ശക്തിയാക്കു വാഴ്ത്താം ? വാസുദേവൻ
ഭാവശുദ്ധയവർക്കെന്നും പ്രത്യക്ഷദാസൻ. 550

തൻദുക്കുലമഴിക്കുവാൻ ധാർത്തരാഷ്ട്രൻ തുടങ്ങവേ
തന്തുവായശാലയായി ചൂതുമണ്ഡപം !
മറുമവർക്കുലകിന്നു കുക്ഷിപൂർത്തി വരുത്തുവാൻ
വറുചീരയിലയൊന്നിൻ വഴങ്ങൽ പോരും;
കൈക്കു കേറിപ്പിടിക്കുന്ന കാമുകനെപ്പതിപ്പിക്കാൻ
ദുക്കിൽനിന്നു തെറിക്കുന്ന തീപ്പൊരിപോരും;
എപ്പോളെപ്പോഴും പ്രിയരുടെ ഹസ്തിടിയു മുശിർമങ്ങു–
മപ്പോളപ്പോളഴിഞ്ഞ തൻ കൈശികത്തിങ്കൽ
കടമിഴിമുനചേർത്തമ്മട്ടുമൊഴിയൊഴുക്കിനാർ
ചുടുനിണമവരുടെ സിരകൾതോറും. 560

ആയവർതന്നകക്കാമ്പിന്നാടൽകൊണ്ടൊരാടലില്ല;
തീയിലുണ്ടോ കുരുത്തതു വെയ്‌ലത്തുവാട്ടൽ ?

ദുശ്ശളേശജടാസുരകീചകാദിശലഭങ്ങൾ–
ക്കുശ്ശതപത്രായതാക്ഷിയാഗ്നേയഹേതി.

ഉന്നയനാം ദ്രോണപുത്രൻ ക്രൂരിരുട്ടിൽ തച്ചുകൊന്ന
തന്നരിയ കിടാങ്ങളംതൻ ശവങ്ങളം കാൺകേ
കണ്ണുനീരിൽ കുളിച്ചീല; കൈകൾമാറത്തലച്ചീല;
തൊണ്ണകീറിക്കരഞ്ഞീലദ്ദ്രൗർഭാന്തമൂർത്തി.
ഭീമനെത്തന്നന്തികത്തിലാനയിച്ച ജഗതിക്കു
രോമഹർഷമരുളീടും വാക്കേവമോതി;—
"അങ്ങു മരുൽസുതനെങ്കിലാജിവനസിംഹമെങ്കിൽ,—
ലങ്ങയുടെ പാർഷ്ണിതൻ വല്ലഭനെങ്കിൽ;
മത്തനയമാരകമാം മത്തമതംഗജത്തിൻെറ
മസ്തകസ്ഥമണി കൃത്തിയടർത്തു ശീഘ്രം
അഗ്രജൻെറ മുടിക്കണിയാക്കുക;—ഞാൻ കണ്ടിടട്ടെ
കൈക്കലാമോ പുതിയോരിക്കലീഹാരപുഷ്പം ?"
ഇത്തരത്തിലാക്കരയ്ക്കാം? കൃഷ്ണ പുകപൊതിഞ്ഞതാം
ശുദ്ധശുചിമഹസ്സുതാൻ സൂക്ഷ്മമോർപ്പോളം.
ആരു ചൊല്ലുമമ്മഹസ്സിന്നരണിയാം ഭരതോർവി
ഭീരുവെന്നും ദീനയെന്നുമബലയെന്നും ?

xii

(കേക)

കണ്ടുവോ നീയിച്ചിത്രമോരോന്നും? പോരെന്നാകി-
ലുണ്ടെനിക്കുറെപ്പടം വേറെയും കാണിക്കുവാൻ.

പെൺകിടാങ്ങളിൽ പ്രീതിയെന്നമ്മയ്ക്കെന്നിനി–
ശ്ശങ്കിയാ,യ്യതിന്നുള്ള സാക്ഷ്യമിച്ചിത്രാവലി.
ഇപ്പടങ്ങളിൽപ്പേർത്തും ജ്യേഷ്ഠരെപ്പശ്ചാൽകരി–
ച്ചത്ഭുതം! കനിഷ്ഠമാരാദ്യന്തം വിളങ്ങുന്നു.
എൻ പുരാണേതിഹാസദുശ്ധാബ്ധിമഥനത്തിൽ
ജൃംഭിപ്പു നഞ്ഞായ്പ്പുമാ,നമൃതായ് വധൂടിയും
കണ്ടേക്കാമങ്ങേവശം മറുമട്ടിലും രേഖ;
രണ്ടിലും തമ്മിൽഭേദം നാരിയെന്നോത്താൽ മതി. 590
ഭാരതം പണ്ടേ പരാശക്തിയിൽ പ്രതിഷ്ഠിതം;
ഭാരതം സ്ത്രീജാതിയിൽ ദേവതാബുദ്ധിവ്രതം.
സർവസൌഭാഗ്യദാത്രി ഞങ്ങൾക്ക് ലക്ഷ്മീദേവി;
സർവവിദ്യാധിഷ്ഠാത്രി സാമ്പ്രതം സരസ്വതി.
ശ്ലോകകർത്താർശിച്ചവരിന്നാട്ടിൽ പണ്ടേതന്നെ
മൈക്കണ്ണാർമണികളും പൂരുഷന്മാരെപ്പോലെ.
കാക്ഷീവാൻതൻ പുത്രിയാം ഘോഷതൊട്ടേസ്ത്രീകർ
വീക്ഷിച്ച മന്ത്രങ്ങർതൻ വൈശിഷ്ട്യം വിശേഷാത്തരം.
ഗായത്രിക്കൊപ്പമില്ല ദേവത വേദങ്ങളി–
ലായവർക്കേതും പുംസ്ത്വമാപത്തന്മാർ കല്പിച്ചീല. 600
അക്കാലം വധൂടിമാർ നിശ്ശ്രേഷമുപനയ–
സംസ്കാരവിശുദ്ധമാർ തത്സഗർഭ്യരെപ്പോലെ;

ശിഷ്ടയാം ശ്രുത്യംബയെസ്സേവിച്ച ഗുരുകുല–
ക്ലിഷ്ടമാർ തൽസീമന്തനൈപത്ഥ്യസൈരന്ധ്രിമാർ.
ഗാഢ്ഗിതന്നാദ്ധ്യാത്മികപ്രശ്നങ്ങളം കേളംക്കെകേളംക്കെ–
ശ്ലാഘ്യനാം യാജ്ഞവല്ക്ക്യൻസന്തോഷബാഷ്പം–
ഏതുമമ്മഹാനോടു വേറിട്ടൊന്നിരന്നീല [വാത്താൻ–
വേദാന്തവിത്തം വിട്ടു മൈത്രേയി തൽപ്രേയസി.
വിലവേററ തത്ത്വമണികളം ജനകന്നു
സുലഭസുകൃതയാം സുലഭ സമർപ്പിച്ചാളം. 610
നന്മയിജ്ജഗത്തിന്നു നൽകിന ചിരന്തന–
ബ്രഹ്മവാദിനിമാരേ! നിങ്ങളംക്കു നമസ്കാരം.
കോമളക്കാൽത്താർകൊണ്ടു പാറയ്ക്കു ജീവൻ നൽകാൻ
രാമന്നു സാധിക്കുമോ രാമയല്ലതെന്നാകിൽ ?
ആപത്തും സമ്പത്തെന്നു തോന്നിപോലവിടേയ്ക്കു
താപസി ശബരിതൻ പ്രാർത്ഥനം ഭക്ഷിക്കവേ
ലാക്ഷയാൽ തീത്തോരില്ലം വിട്ടപ്പോളംക്കണ്ടാർ പാത്ഥർ
രാക്ഷസന്മാരിൽപ്പോലും സ്ത്രീപുംസഗുണഭേദം.
ഭക്ഷിപ്പാൻ ഹിഡിംബനും രക്ഷിപ്പാൻ ഹിഡിംബയു–
മക്ഷിക്കു ലക്ഷീഭവിച്ചാശ്ചര്യമവക്കേകി. 620
സിന്ധുരാജാഭിഭ്രതൻസഞ്ജയന്നുപദേശ–
മെന്തുതാൻ വിദുലാഖ്യ തന്മാതാവരുളീല!

തദ്വാക്യം സ്മരിക്കുകിലെപ്പൊഴും മൃതപ്രായ–
നത്രയായി; ജിതൻ ജിഷ്ണു; സാധ്വസം ശശ്വദൊഴിഞ്ഞും.
ഭാരതായോധനത്തിൻ പ്രാരംഭത്തിങ്കൽ കുന്തി
പൈരുഷം പാലിക്കുവാൻ പുത്രരോടരുൾചെയ്താൾ.
വിശ്രുതൻ യുധിഷ്ഠിരൻ സമ്രാട്ടായ് വാഴുംനാളിൽ
ശത്രുവായ് ഗാന്ധാരിയെക്കല്പിച്ചുകാട്ടിൽപ്പോയാൾ.
ഭോഗത്തെ കാംക്ഷിപ്പീല സാധ്വിമാർ; പരാർത്ഥമാം
ത്യാഗംതാൻ തദ്ധർമ്മമെന്നോതിനാൾ സത്യയ്യയാൽ.
അപ്രമത്തമാർ സ്ത്രീകൾ; പുരുഷന്മാരല്ലെന്നു
വിപ്രപത്ന്യന്നഗൃഹലീലയാൽ കാട്ടീ കൃഷ്ണൻ;
അന്തണരന്തഃചാനമാനികൾ; വിശപ്പോക്കു
ബന്ധുക്കൾ ദയാർദ്രമാം ഹൃത്തെഴും തൽപത്നിമാർ.
ആയിരക്കണക്കിനുണ്ടിമ്മട്ടിലാഖ്യാനങ്ങൾ
മായമറന്നുദ്ഘുമാഹാത്മ്യം സ്ഥാപിക്കുവാൻ.
ഞങ്ങൾക്കു മാതൃ,പ്രിയാ,സോദരീ,ദുഹിതാക്കൾ
മങ്ഗലപ്രതിപാദനോൽകകൾ മാത്രോൽകകൾ.
പ്രജ്ഞയും രസജ്ഞയും വാണിയും കവിതയും
വിജ്ഞന്മാർ സ്ത്രീരൂപത്തിൽ പണ്ടേക്കുപണ്ടേ കണ്ടാർ.
പ്രാസാദമെങ്കിൽ പുമാൻ ഭാമിനി മലർവാടി;
കാസാരമെങ്കിൽ പുമാൻ കാമിനി കല്ലോലിനി.

അക്കനാണെങ്കിൽ പുമാൻ തൽപ്രഭയത്രേ വധു;
അഗ്നിയാണെകിൽ പുമാൻ തച്ഛിഖയത്രേ വധു.
സ്കന്ധംതാൻ പുമാനെങ്കിൽച്ചെന്തളിർ വധു; പുമാൻ
ചെന്തളിരെങ്കിൽ വധു നന്മലർ—മണം—മധു.
ചമ്മവും രസനയും കണ്ണവും മൂട്ടലമായ്
നിമ്മിച്ച ചതുർമ്മുഖൻ ചേതസ്സു കല്ലാക്കുമോ?
ആനനത്തിങ്കൽ വായ്ക്കും രോമങ്ങൾപോലും ചൊല്വൂ
വാനരൻ പുമാനെന്നും ദേവത വധുവെന്നും. 650
ചെയ്യുന്നുധമ്മം പുമാൻ സ്ത്രീവ്യക്തിപ്രമോദേച്ഛു;
ചെയ്യുന്നീലപചാരം സ്ത്രീവ്യക്തിവ്യഥാഭീതൻ.
അന്തയ്യാമിക്കുപോലുമുൽപ്രഭ്രാന്തന്മാരെ–
പിന്തിരിപ്പിപ്പാൻ ലജ്ജാഭീതിതാനേകാലംബം.
ആരുതാൻ ത്രയീഗങ്ഗാസാധ്വിമാരല്ലാതെയി–
ബ്ഭാരതോർവ്വിയെസ്സാക്ഷാൽപ്പുണ്യഭൂവാക്കീടുവോർ ?
മാനുഷന്നുയർച്ചയ്ക്കു മാർഗ്ഗമൊന്നുണ്ടെന്നാകിൽ
മാനിനിതാനമ്മാഗ്ഗം; മറെറാന്നില്ലവനിയിൽ.
ദിഗ്ജയത്തിനായ് ദൈവംതന്ന വാൾകൊണ്ടങ്ങിങ്ങൊ–
രജ്ഞൻ തന്നാത്മഹത്യചെയ്കിലാക്തിൻക്ഷതി? 660
അഷ്ടസിദ്ധികൾം വായ്ക്കും യോഗിക്കും പ്രജാനിധി
കിട്ടുവോന്നല്ല നാരീസാഹായ്യം ലഭിക്കാഞ്ഞാൽ. 2-11-74

ഏതെല്ലാം പരിഷ്കാരമെത്രമേൽ വ്യാപിച്ചാലും
സ്ത്രീതന്നെ വഹിക്കണമമ്മമഹാഭാരം—ഗർഭം.
ഇത്ര നോവനുഭവിച്ചീടണം, ശിശുവിനെ—
പ്പോറ്റണം സചിത്തം തീരെ വിസ്മരിച്ചേകാഗ്രയായ്.
അമ്മമഹായജ്ഞത്തിന്നു പൂരുഷനപ്രാപ്തനെ—
ന്നുണ്മയിൽ സ്രഷ്ടാവോത്തു മാതൃതപം സ്ത്രീക്കേകിനാൻ.
സത്യത്തിൽ തായെന്നൊരാശ്ലിഷ്ടമാമോങ്കാരത്തിൽ
'തത്ത്വമസ്യാ'ദിവാക്യം സർവ്വവും ലയിക്കുന്നു. 670
വസുധാവലയമേ! വധുവെന്നിനാൽ താൻ നീ
മസൃണം; മനോഹരം; മഹിതം; മഹാമൂല്യം,
ആ മഹസ്സൊന്നില്ലെങ്കിലക്ഷണം സ്ഥൂലോപലം,
പാഴ്മണൽക്കാടന്ധാന്ധ്യ, ഘോരരൌരവഗർത്തം.
ബന്ധുക്കൾ മർത്ത്യനുണ്ടു രണ്ടുപേർ സംസാരത്തി—
ലന്തരാത്മാവൊ,ന്നൊന്നു തൻ പ്രിയപ്രാണേശ്വരി.
ആന്തരപുരുഷനുമാവാത്തൊരുപദേശം
കാന്ത നല്കുന്നു; കാന്തൻ കൈക്കൊണ്ടു നന്നാകുന്നു.
കാന്തോപദേശത്തെത്താൻ കാവ്യത്തിന്നുപമയായ്
സാന്ദ്രതയിൽ സമീക്ഷിച്ചാർ സാഹിതീവേധസ്സുകൾ.
ഐഹികം പാരത്രികം രണ്ടിന്നുമുതകുന്ന
ലോകത്തിൽ പുരുഷന്നു കല്യാണി സധർമ്മിണി.

ഏതു രാക്ഷസൻ സ്ത്രീയാൽ ദേവനായ് ത്തീരുന്നതി–
ല്ലേതു താമ്രത്തെ സ്ത്രീക്കു തങ്കമായ് മാറ്റിക്കൂടാ !
ജന്മദാത്രികം സ്ത്രീകം; കർമ്മനേത്രികം സ്ത്രീകം;
ശർമ്മഹേതുക്കം സ്ത്രീകം; ധർമ്മസേതുക്കം സ്ത്രീകം;
നിങ്ങൾക്കെന്നാരാത്രികം ശക്തിരൂപിണികളെ !
നിങ്ങൾക്കെന്നാശീർവാദം മുക്തിദായിനികളെ !

xiii

ആചാരം, ധർമ്മം, ശൌചം, ശാന്തിയീവിഷയങ്ങ–
ളാശാസ്യങ്ങളെന്നോർപ്പു ഭാരതമനാരതം. 690
കർമ്മശൃംഖലകളാൽ ബദ്ധമാം ലോകത്തിന്നു
ജന്മമോക്ഷത്തിൻ മാർഗ്ഗമെന്തെന്നു തിരയുന്നു.
കേവലം ധനം ഭോഗമീരണ്ടു ദൈവങ്ങളെ–
സ്സേവിച്ചു മത്താടുന്നു പാശ്ചാത്യമഹീതലം.
കൈവന്നതൊന്നും പോരാ; പിന്നെയും വേണം; മേന്മേ–
ലാവശ്യമേറുംതോറുമാനന്ദമതിന്നുള്ളിൽ !
വ്യാധിയെക്കൊക്കൊള്ളുന്നു, ഭേഷജം സേവിച്ചതു
ഭേദമാക്കുന്നു; വീണ്ടും തേടുന്നു ഗദാന്തരം.
ഭ്രാന്തിലക്കദ്ധ്വാവിൽസ്സഞ്ചരിപ്പവക്കുണ്ടോ
ശാന്തിയെ–ശ്ശാശ്വൽസൌഖ്യദാത്രിയെ–ക്കാണ്മാൻ
[തരം ? 700

ഓതുന്നു ചിലർ നിത്യം ഭാരതം പരലോക–
പാഥേയത്തിന്നുവേണ്ടിപ്പട്ടിണി കിടപ്പതായ്;
ഓതിടാമതിന്മട്ടു വാരുണി തൻജന്മമ–
പ്പാഥേയസ്മൃതിവിട്ടു ദീപാളികുളിപ്പതായ്.
ഐഹികാമുഷ്മികങ്ങളൊപ്പമായ് സാധിക്കുവാൻ
ദേഹിയെദ്ദേഹക്ലുട്ടിലിണക്കി തണ്ടാർമകൻ.
ദേഹത്തെ സ്മരിപ്പീല ഭാരതം വേണ്ടുംപോലെ;
ദേഹിയൊന്നുണ്ടെന്നതേ വാരുണി ചിന്തിപ്പീല.
വ്യക്തിയെപ്പൂഗത്തിങ്കൽ ഭാരതം ബന്ധിക്കുന്നു;
വ്യക്തിയെക്കാമചാരിണിയാക്കുന്നു ഹാ! വാരുണി. 710
മാനുഷൻ തുരങ്ഗമം; മാഗ്ഗമോ നതോന്നതം;
വേണം തൽഗതിക്കൊപ്പം രശ്മിയും പ്രതോദവും.
സ്ത്രീകളെശ്ശർഹിക്കയോ ഭാരതം? ശിവ! ശിവ!
ലോകത്തിലെങ്ങുണ്ടിത്ര പാവനം സ്ത്രീസേവനം?
സ്ത്രീകളെദ്വൈവങ്ങളായ് കല്പിച്ച തദ്വാസത്തി–
ന്നേകിനാർ സൽക്ഷേത്രങ്ങളം പൂവ്വന്മാർ ഗൃഹാഖ്യങ്ങളം.
നേരാരും ഗ്രഹിക്കാതെ തീർന്ന നാളവയ്ക്കുണ്ടായ്
കാരാഗാരത്തിൻ ഛായ കാലത്തിൻ വ്യത്യാസത്താൽ.
സ്ത്രീകഥംതൻ സംശുദ്ധിയെത്തീവ്രമായ്പ്പാലിക്കുവാൻ
ലോകസങ്ഗ്രഹോൽകരാം തദ്വംശ്യർ തുടങ്ങവേ. 720

വാച്ച തൽപരാശ്രയം മേൽക്കുമേൽ വെളുക്കുവാൻ
തേച്ചപ്പോൾപ്പററിപ്പോയ പാണ്ടന്നേുമറെറാന്നല്ല,
അയതിൻദോഷം കാണ്മൂ ഭാരതം പ്രസ്പഷ്ടമായ്:
ന്യായമാം പ്രതിക്രിയയ്ക്കാരംഭിക്കയും ചെയ്വു.
ഭാരതം തൽസ്ത്രീകളെക്കണ്ടത്ര നാണിക്കേണ്ട;
വാരുണി തൽസ്ത്രീകളെക്കണ്ടത്ര മദിക്കേണ്ട.
ഇന്നത്തെ സ്ഥാനം രണ്ടു ദിക്കിലും നന്നല്ലവ–
ക്കൊന്നാട്ടുക്കളയെങ്കിൽ മറേറതു ക്രുത്തമ്പലം !
പാകശാലയും കൊള്ളാം; നൃത്തരംഗവും കൊള്ളാം;
പോകട്ടെ രണ്ടിങ്കലും തുല്യമായ് നതാങ്ഗിമാർ. 730
ശപ്തത്തിൽ കിടപ്പതുമപ്തത്തിൽ പറപ്പതും
സർപ്പവും പതത്രിയും മധ്യവത്തിതാൻ മർത്യൻ.
പ്രായമിപ്പൊഴും പാത്താൽ ശൈശവം ലോകത്തിന്നു:
തീയിലോ വെള്ളത്തിലോ വീഴുകിൽ കണക്കല്ല.
ഭാരതം മാറീടുന്നു; മാറട്ടെ; പക്ഷേ തനി–
വാരുണീരൂപത്തെയെന്മാതാവു വരിപ്പീല;
ധർമ്മത്തെയർത്ഥത്തിന്നുമർത്ഥത്തെക്കാമത്തിന്നു–
മമ്മയേതാപത്തിലുമാഹുതി കഴിപ്പീല;
വസ്ത്രത്തെ മാറുംപോലെ വസ്ത്രദൻ ഭർത്താവിനെ
നിസ്ത്രപം യഥാകാമം മാറുവാൻ കൊതിപ്പീല. 740

സസ്യത്തിൻ ധർമ്മം ഭക്തി, തിര്യ്ക്കിൻ ധർമ്മം ഭോഗ–
മിസ്സത്യം കിനാവില്യം ലേശവും മറപ്പീല;
മാനുഷനാത്മാവിനാൽ മാനുഷനെന്നുള്ളോര–
ജ്ഞാനത്തെയാഴിക്കുള്ളിൽ തള്ളുവാൻ തരിപ്പീല.
സ്വാതന്ത്ര്യമാകുന്നീല മയ്യാദാവ്യതിക്രമം;
ഭൂതലം സൈരിക്കുള്ളോരാഖേടവനമല്ല;
പാരിടം ചതുർവർഗ്ഗകേദാരം സസ്യാഢ്യമായ്–
ത്തീരുവാൻ നിർബാധമാം നീരൊഴുക്കല്ലീ വേണ്ടൂ?
സേതുവില്ലാഞ്ഞാലുണ്ടോ വേനലിൽ ജലാഗമം?
സേതു പൊയ്യോയാൽ കുല്യ പാഴ്മണൽത്തൊണ്ടല്ലയോ?
വേലയാലഴകല്ലീ നേട്ടന്തു കടൽ? തള 750
കാലിന്നു കാന്തിക്കല്ലീ കാന്തമാരണിയുന്നു?
കഴലിൻ വളർച്ചയ്ക്കു സമമായ് മാറും പദ–
കടകം നിഗഡമല്ലതിനാൽ ക്ഷതിയില്ല.
പുരുഷന്നൊപ്പം സ്ത്രീയും സ്വാതന്ത്ര്യം കൈക്കൊള്ളട്ടെ;
പോരട്ടെ സീമാദരം രണ്ടുക്രൂട്ടരും സമം.
അമ്മൈരിക്കയുമമ്മയ്ക്കാചായ്ച്ച തന്നോ; പക്ഷേ–
യമ്മയുമമ്മൈരിക്കയ്ക്കാചായ്ക്കൈകാചായ്ച്ചതാൻ.
അമ്മയങ്ങയോടത്ഥകാമങ്ങളം ഗ്രഹിക്കട്ടെ;
ധർമ്മമോക്ഷങ്ങളങ്ങേയ്ക്കാതിയും ജയിക്കട്ടെ. 760

അക്കൊള്ളക്കൊട്ടക്കയ്ക്കു കാലമൊട്ടടുക്കുന്നു;
നില്ക്കുകെൻവിമാതാവേ ! നിന്മനം തെളിയട്ടെ.
വിസ്മേരയായും ഭൃശം വ്രീഡയ്ക്കു വശയായും
മിസ്മേയോമതാമ്മയിത്തത്ത്വങ്ങളം ധരിക്കട്ടെ!"

* * *

വാക്യമിത്തരം ചൊല്ലി വണ്ണീന്ദ്രൻ മറയവേ–
യാക്കനീയസിയായ രാഷ്ട്രദേവത മേന്മേൽ
തൻ തന്തുഭവയുടെ ധാർഷ്ട്യത്തിൽത്താപംപൂണ്ടു
ഹന്ത! പോയ്ച്ചേന്നാൾ വീണ്ടുമാത്മീയധാമത്തിങ്കൽ.

* * *

റാംഫ്വാർഡോ എമെഴ്സണും തോറോയും
[വില്യം ജേംസും
വാൾട്ഹ്വിറ്റ്മാ നെല്ലാംഹ്വീലർവിൽകോക്സും,
[ഭവതിയിൽ 770
ജാതരായ് ജയിച്ചില്ലേ? നവ്യാർഷധാത്രീദേവീ !
താദൃശം തത്മാഹാത്മ്യം മേൽക്കുമേൽ വർദ്ധിക്കട്ടെ.

[ശുഭം ഭൂയാൽ]

ടിപ്പണി

ക്ഷമ=ഭൂമി. ആജന്മാന്തം=മരിക്കുന്നതുവരെ. പരതന്ത്രകം=പരന്റെ രക്ഷയിൽ ജീവിക്കേണ്ടവർ. വരാകികം=അനുകമ്പയെ അർഹിക്കുന്നവർ. എങ്ങ്°=എന്തു താഴത്തു കിടക്കുന്നു എന്നു സാരം. സഹധർമ്മിണി=ഭർത്താവോടുകൂടി സകല ധർമ്മങ്ങളേയും ചരിക്കുന്നവൾ. സഹധർമ്മിണി, ഗൃഹലക്ഷ്മി എന്നും മറ്റും ഭാരതീയസ്ത്രീകളെപ്പറ്റി ചിലപ്പോൾ പറഞ്ഞുകേൾക്കാറുണ്ടെങ്കിലും ആ സ്ഥാനങ്ങൾ അവർ അർഹിക്കുന്നില്ല എന്നു താൽപര്യം. തനിക്കുന്നു= അതിനപ്പുറം പോകുന്നില്ല. നിന്നെയും സ്ത്രീകൾക്കു മാതാവെന്നു പറയുന്നതു ശരിയായിരിക്കുമോ ? ഇല്ല. പുരുഷരൂപമായ പാദം ക്രമാധികമായി വീർത്തും സ്ത്രീരൂപമായ പാദം ക്രമാധികമായി ശോഷിച്ചും കാണുന്ന നിനക്ക് പുരോഗമനം ഒരു വഴിക്കും ശക്യമല്ല. അപഥം=ചീത്തവഴി.

ഇക്ഷുരോഗാർത്ത=മാതൃഭൂമിയുടെ സമ്പർക്കം ജനങ്ങളുടെ സംസ്കൃതബുദ്ധിക്കു വിഘാതമാകുമെന്നു് ആശയം. ദ്വിപാത്°= രണ്ടു കാലുള്ളതു്; സമീപകാലത്തു മാത്രം മൃഗതലത്തിൽനിന്നു മനുഷ്യതലത്തിൽ പ്രവേശിച്ചതെന്നു താൽപര്യം. മറ്റു രാജ്യങ്ങളെ അപേക്ഷിച്ചു് ഒടുവിലാണല്ലോ അമ്മെരിക്കയ്ക്കു നാഗരികത സിദ്ധിച്ചതു്. അമ്മെരിക്കതൻ വിത്തു്°=അമ്മെരിക്കയുടെ സന്താനം. മേയോ=Mother India മുതലായി ഇൻഡ്യയുടെ അഭിമാനത്തെ ഭഞ്ജിക്കുന്ന ഗ്രന്ഥങ്ങൾ രചിച്ച മിസ്° കാതറൈൻ മേയോ മതാമ്മ. മൊഴിയമ്പുകൾ=വാക്കുകളാകുന്ന ശരങ്ങൾ. പൂമ്പാറ്റകൾ ക്ഷണനേരം മാത്രം പുഷ്പങ്ങളെ സ്പർശിക്കുന്നതുപോലെ ഏതുദ്ദേശസഞ്ചാരം ചെയ്യുന്ന മതാമ്മമാർ ഏതാനും ദിവസങ്ങൾ മാത്രം ഒരു രാജ്യത്തിൽ താമസിച്ചു് അതിനെപ്പറ്റി ഗുണദോഷ വിവേചനം ചെയ്യാൻ ഒരുമ്പെടുന്നു. മുത്തശ്ശി=വളരെക്കാലത്തിനു മുമ്പുതന്നെ നാഗരികത സിദ്ധിച്ചവളെന്നു താൽപര്യം. മുഗ്ധ=വിവേചനത്തിനുള്ള പ്രായമാകാത്തവൾ; ബുദ്ധിഹീന.

വിവർത്തം=ആകൃതിഭേദം. മിഥഃസ്ഥിതം=അന്യോന്യം (മാത്രം) സ്പർശിച്ചുനിൽക്കുന്നതു്. വാച്യം=ആക്ഷേപാർഹം. അമ്മെരിക്കയ്ക്കുതന്നെ അനേകം കുറവും കുറവുമുണ്ടെന്നും മിസ്സ് മേയോ തന്റെ മാർജനി കൈയിലെടുത്തു് അവിടം തൂത്തുവൃത്തിയാക്കിയാൽ മതി എന്നും താൽപര്യം. ലോഷ്ടം=മൺകട്ട. അശ്മം=കല്ലു്. ജാംബൂനദം=സ്വർണ്ണം. അരയപ്പെൺപൈതൽ=സത്യവതി. നാന്മറകൾ=നാലു വേദങ്ങൾ. മഹാഭാഗൻ=വിശ്രുതൻ; അതിഭാഗ്യശാലി.

ശുകഗുരു=ശുകബ്രഹ്മർഷിയുടെ പിതാവു്. അഷ്ടാദശപുരാണങ്ങളുടെ നിർമ്മാതാവു് വേദവ്യാസനെന്നും അദ്ദേഹം ചിരഞ്ജീവിയെന്നും ഐതിഹ്യം. ഘനാഘനം=മഴപെയ്യുന്ന മേഘം. വേദവ്യാസന്റെ നിറം കൃഷ്ണമാകുന്നു. സംസാരമാകുന്ന (പാരാവാര) സമുദ്രത്തിന്റെ (പാരീണൻ) മകരം എത്തിയവൻ. രാജഹംസാധിരൂഢൻ (ഹംസവാഹൻ) ആയ ബ്രഹ്മാവിന്റെ (അങ്കഗ) പത്നിയായ സരസ്വതീദേവിയുടെ പാദസേവകൻ. കവിയെന്നു സാരം. കൽസ്നം=സമഗ്രം. ആ ദിക്കു്= ആ പ്രദേശം. നീഹാരം=മഞ്ഞു്. ഹിമവൽപർവ്വതത്തിലെ മഞ്ഞു് ഉരുകീ ആവിയാകുന്നതുകൊണ്ടാണു് മാതൃഭൂമിയുടെ നെടുവീർപ്പു് അത്രമാത്രം സന്തപ്തമായിരുന്നു എന്നു ഭാവം.

നിർവ്വികല്പസമാധിയിൽ ജ്ഞാതൃജ്ഞാനാദിവികല്പങ്ങൾക്കു സ്ഥാനമില്ല. ആധ്മാത=ഞെളിഞ്ഞതവം എന്നു സാരം. സർവ്വചരാചരങ്ങൾക്കും സൗഭ്രാത്രമുപദേശിക്കുന്ന ആചാര്യൻ. വിമാതാവു്=ചിറ്റമ്മ. അവഗ്രഹണം=മറുത്തുണി. മക്കളോ മകളാരോ=ആൺ മക്കളോ പെൺ മക്കളോ.

ആലേഖ്യം=ചിത്രം. മാമലകൾക്കരചൻ=ഹിമവാൻ. പർവ്വതങ്ങളുടെ പക്ഷച്ഛേദത്തിനായി ദേവേന്ദ്രൻ വന്നപ്പോൾ മൈനാകംമാത്രം ഓടി സമുദ്രത്തിൽ ചെന്നൊളിച്ചു എന്നു പുരാണകഥ. കുലിശം=വജ്രായുധം. സപ്തസപ്തി=ആദിത്യൻ. യുദ്ധത്തിൽ മരിക്കുന്നവർ സൂര്യമണ്ഡലത്തെ പ്രാപിക്കുന്നു എന്നു ആപ്തവാക്യം. മഹീഭൃത്തു്=രാജാവെന്നും പർവ്വതമെന്നും. ചിറകു ലഭിക്കുകയാൽ മാത്രം ചാരിതാർത്ഥ്യനായവൻ. ജലപതി=

വരുണനെന്നും ജളപ്രമാണിയെന്നും, അവനതശിരസ്സ്°=കുനിച്ച തലയോട് കൂടിയതു°.

അപർണ=പാവ്വതി. തനുമദം=ശരീരഗർവ്വം. അനുകൻ=കാമുകൻ; നായകൻ. ജഗജ്ജനിത്രി=ലോകമാതാവു°. തന്മനഃസ്ഥൈര്യം=അവളുടെ മനസ്സിന്റെ സ്ഥിരത. ശൈലരാജാവിന്റെ പുത്രിയുടെ ഹൃദയം സ്ഥിരമായിരിക്കുമെന്നു ശിവൻ അനുമാനിക്കാത്തതു° ആശ്ചര്യമെന്നു താൽപര്യം. ആത്മശുല്ക്കീഭവിപ്പിക്കുക=തനിക്കു കന്യാശുല്ക്കമാക്കുക. (അന്തഃകരണമാകുന്ന വേദിയിൽ പ്രതിഷ്ഠിതമാകുന്ന സാക്ഷാൽ പ്രേമമാകുന്ന ദിവ്യ ജ്യോതിസ്സ്°. പ്രേമാഭാസമാകുന്ന ശരീരോപഭോഗകാംക്ഷ; അതു കേവലം മാംസത്തിലുള്ള ആശയാകുന്നു.)

ഉൽപാതകേതു=ധൂമകേതു. സത്യഭാമാസമേതനായാണ° ഭഗവാൻ ശ്രീകൃഷ്ണൻ നരകാസുരനെ വധിച്ചതു°. ഭാഗവതം ദശമസ്കന്ധം ൫൯–ാമദ്ധ്യായം നോക്കുക.

ജഗതി=ഭൂമി. ഭൂമിയുടെ വിശിഷ്ടസന്താനമായി നാം ഇന്നും വ്യവഹരിക്കുന്നതു സീതയെയാണല്ലോ. കായസാദം=ശരീരത്തിന്റെ തളർച്ച. ധാമം=ഗൃഹം. പ്രേമസംസ്ഥ=പ്രേമത്തിൽ നല്ലപോലെ സ്ഥിതിചെയ്യുന്നവം. രുജ=ദുഃഖം പ്രേമമാകുന്ന രത്നരഥം പുഷ്പകവിമാനത്തെക്കാളും അവർക്കു മനോഹരമാണു°; സാരസനിവാസിനി=കമലാലയ, ലക്ഷ്മീദേവി. സമ്പത്തിൽ ഭർത്താവിനു ഭാര്യ ലക്ഷ്മീദേവിയുടെ സപത്നി മാത്രമാണു°. കദനം=ദുഃഖം.

യാതന=തീവ്രമായ വേദന. തന്ത്രം=കുപ്പായം. ഛാദിത=മറയ്ക്കപ്പെട്ടവം. ചന്ദ്രഹാസം വാഴനാരുപോലെ നിസ്സാരമായി തോന്നി. മാമല=ഇവിടെ കൈലാസം. രാവണനെന്ന ശബ്ദം കേട്ടാൽ സ്ത്രീകൾക്കു ഗർഭം അലസിപ്പോകത്തക്കവണ്ണം അവൻ അതു ഭയങ്കരനായിരുന്നു. (ശ്രീരാമനെ ശംബൂകവധം മുതലായ ഘട്ടങ്ങളിൽ കേവലം അക്കാലത്തെ ക്ഷത്രിയധർമ്മത്തെ അനുവർത്തിക്കുന്ന ഒരു രാജാവായും ബാലിവധം, സീതാപരിത്യാഗം മുതലായ ഘട്ടങ്ങളിൽ തന്റെ ജയം, തന്റെ യശസ്സ° ഇവ

യെ മാത്രം ആഗ്രഹിക്കുന്ന ഒരു സാധാരണ മനുഷ്യനായും കാണുന്നു. സൗഭ്രബിംബത്തിലും അനേകം കവിത അങ്കുരങ്ങൾ ഉള്ളതായി ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നു. ഏരികനലാകുന്ന പൊന്നശോകത്തൊപ്പു°=രണ്ടാമത്തെ അശോകവനം എന്നു ഉല്ലേഖം.

ഉഗ്രസേനൻ, ദേവകൻ ഈ സോദരന്മാർക്കു യഥാക്രമം കംസനും ദേവകിയും അപത്യങ്ങളായി ജനിച്ചു "ഉഗ്രസേനസുതഃ കംസഃ സ്വസുഃ പ്രിയചികീർഷയാ" എന്നു ഭാഗവതം. അറം=ധർമ്മം. നെറി=നീതി. വിശൃംഖലം=സ്വതന്ത്രം. വിഭൂത=സർവ്വവ്യാപിതം.

പിതൃപതി=യമൻ. നിയതി=ദൈവം. കംസന്റെ അപ്പോഴത്തെ അവസ്ഥയ്ക്കു മരുമകനായ കൃഷ്ണൻ നല്കിയ വധം ഒരു മോചനമായിട്ടാണ് പരിണമിച്ചതു°; വാസ്തവത്തിലും അതു കംസനു മോക്ഷമായിരുന്നു. "തദേവ രൂപം ദുരവാപമാപ" എന്നു ഭാഗവതം. അസുക്കൾ=ജീവൻ. ഭുവപ്പസ്സു°=ഭൂമിയുടെ ശരീരം.

* ശ്രീകൃഷ്ണൻ ജനിച്ചതു കാരാഗൃഹത്തിൽ; സ്തന്യപാനത്തിനു കിട്ടിയതു° പൂതനയുടെ വിഷം; വളർന്നതു° മാതാപിതാക്കന്മാരില്ലാത്ത മട്ടിൽ. മർത്യപാഗർ=കുസിതരായ മനുഷ്യർ. ജിഘാംസുക്കൾ=ഹനിക്കുവാൻ ആഗ്രഹിക്കുന്നവർ. മാടു°=ധേനുകാസുരൻ. മാരുതൻ=തൃണാവർത്തൻ. ബ്രഹ്മാവു° ഗോക്കളെ ഹരിച്ചു. ദേവേന്ദ്രൻ ഗോവർദ്ധനയാഗത്തിൽ കോപിച്ചു. മഖം=ഇവിടെ രാജസൂയയാഗം. "കൃഷ്ണഃ പാർത്ഥാവനേജനേ" എന്നു മഹാഭാരതം. കേതൻ=ഇവിടെ അർജ്ജുനൻ. അർജ്ജുനനു ഭാരതയുദ്ധത്തിൽ ഭഗവാൻ സാരഥിയായി. സതി=ഇവിടെ പാഞ്ചാലി. കൃപണൻ=ദരിദ്രൻ; ഇവിടെ കുചേലൻ. ദിവ്യഗാനം=ഭഗവദ്ഗീത. ദരികരം=ഗ്രഹകരം. നാലു വേദങ്ങളാകുന്ന ക്ഷീരം മഥനം ചെയ്തു° അതിൽ നിന്നൊഴുത്ത വെണ്ണ.

700 കല്പടവു°=700 ശ്ലോകങ്ങളുള്ള ഭഗവദ്ഗീതയിലെ ഓരോ ശ്ലോകവും സ്പഷ്ടീകരിക്കുള്ള സോപാനമെന്നു സാരം. ആയ്ക്ഷ്മി=ഭാരതഭൂമി. ആയുഗാന്തം=യുഗാവസാനംവരെ. ഇഹം=ഇഹലോകം. ദ്രൌണി=ദ്രോണാചാര്യരുടെ പുത്രൻ; അശ്വത്ഥാ

മാവും അദ്ദേഹത്തിന്റെ അസ്സൂജപാലയും പരീക്ഷിത്തിന്റെ അകാലമൃത്യുവും അവിടെ അദൃശ്യതയെ പ്രാപിച്ചു. ഗോമായു=കുറുക്കൻ; വഞ്ചകൻ എന്നു താല്പര്യം. ആനൃശംസ്യം=അനുകമ്പ.

കുംഭിനി=ഭൂമി. എങ്ങനെ ഭഗവാൻ കംസന്റെ സൈരന്ധ്രിയുടെ കൂൻ നിവർത്തുവോ അതുപോലെ ഈ ഭൂമിയുടേയും വളവുകൾ നിവർക്കും. കാലാന്തരത്തിൽ അവിടത്തെ ഗീതോപദേശം ഭൂമിയെ സച്ഛായമാക്കുമെന്നു താല്പര്യം. മുത്തു്=ഇവിടെ വാസുദേവൻ. ശ്രുകീർത്തി=ഇവിടെ ദേവകി. ഗോമാതാവു്=ഗോവാകുന്ന മാതാവു്, ഗീതയുടെ അച്ഛന്റെ അമ്മയാണല്ലോ ദേവകി. കുണ്ഡിനം=വിദർഭരാജ്യത്തിന്റെ രാജധാനി. ഭീമഘോഷി=ഭീമഘോഷന്റെ പുത്രൻ. ഭീമഘോഷൻ ചേദിരാജ്യത്തിലെ രാജാവു്. ഭീമഘോഷന്റെ പത്നി വസുദേവന്റെ സഹോദരിയായിരുന്നു. ക്ഷാരം=ഉപ്പുള്ളതു്. തുഷ്ണ=അത്യന്തമായ അഭിനിവേശം.

കണ്വപാശം=ഇവിടെ കല്യാണമാല. പൂണൂൽക്കാരൻ=വിപ്രൻ. "വിചിന്ത്യാപ്തം ബീജം കഞ്ചിൽ കൃഷ്ണായ പ്രാഹിണോദ് ദ്രുതം" എന്നു ഭാഗവതം. കാണികളുടെ കണ്ണുകളേയും രുക്മിണിയേയും ഭഗവാൻ കട്ടു. ചൈദ്യൻ=ചേദിയിങ്കൽ ജനിച്ചവൻ; ശിശുപാലൻ. ആദ്യം തയിർ, പാലു്, വെണ്ണ മുതലായതും പിന്നീടു് ഗോപസ്ത്രീകളുടെ വസ്ത്രവും പിന്നീടു രാജസ്ത്രീയേയും മോഷ്ടിക്കുന്ന ഇവൻ; നാളീകം=ബാണം. നമ്മരീതി=ക്രീഡിക്കുന്ന മാതിരിയിൽ. കുണ്ഡിനത്തിൽ പ്രവേശിക്കാതെ വെളിയിൽ ഭോജകടം എന്നൊരു പുരം തീർത്തു് അതിൽ രുക്മി താമസിച്ചു. ദൈവം അവനെ തോല്പിച്ചു; അവൻ രാജധാനിയിൽ പ്രവേശിച്ചുമില്ല.

രുക്മവതിയെന്നാണു് രുക്മിയുടെ പുത്രിയുടെ പേർ. അവളുടെ പുത്രനാണു് അനിരുദ്ധൻ. നിഷ്കൃതി=ബന്ധമോചനത്തിൻള്ള ദ്രവ്യം. നിഷ്കൃതിപദം സ്ത്രീലിങ്ഗമാണു്. മുസലി=ബലഭദ്രൻ. അനിരുദ്ധൻ രുക്മിയുടെ പൌത്രിയായ രോചനയെ വിവാഹം ചെയ്ത അവസരത്തിലാണു് ഈ ചൂതുകളി ഉണ്ടായതും രുക്മി വ്യാജം പറഞ്ഞതും. രുക്മിയുടെ പുത്രി

ചന്ദ്രസേനയെന്നും പൌത്രി ശുക്മവതിയെന്നും ഹരിവംശം. ഈറ=കോപം. ലോലം=ഇളകുന്നതു്. മാരണവാഹം=വധത്തിനുള്ള ഖഡ്ഗം. തന്റെ നാക്കുകൊണ്ടു ശുക്മിക്കു മരണഹേതുകമായിത്തീർന്നു. ശീലമലർമാലിക=ശീലമാകുന്ന പൂമാല. യുദ്ധഭൂമിയിൽ പോയി യുദ്ധം ചെയ്വാനും പാരിജാതം ഹരിക്കുവാനും സത്യഭാമയെപ്പോലെ ശുക്മിണിക്കു് ആഗ്രഹമില്ല. കവിതയ്ക്കും ഉപനിഷത്തിനും തമ്മിലുള്ള ഭേദം അവക്കു തമ്മിലുണ്ടു്.

ഇവിടെ വർണ്ണിക്കുന്ന കഥ ഭാഗവതസ്കന്ധം 60–ാമദ്ധ്യായത്തിലുള്ളതാണു്. മാതർ=സ്ത്രീകളെ. ഖനി=ആകരം. ഹീരകം=വജ്രം.

മങ്ക=ഇവിടെ പൂതന. ദാശാർഹദാശൻ=ദാശാർഹനാകുന്ന ദാശൻ. ദാശാർഹന്റെ വംശത്തിൽ ജനിക്കുകയാൽ ഭഗവാനു് ദാശാർഹൻ എന്ന പേരു സിദ്ധിച്ചു. ദാശൻ=മുക്കുവൻ. ദാശനാക്കു് അർഹനായ ദാശൻ എന്നും അർത്ഥം. അതുകൊണ്ടാണല്ലോ സമുദ്രമദ്ധ്യത്തിലുള്ള ദ്വാരകയിൽ താമസിക്കേണ്ടിവന്നതു്. ഔചിതി=ഔചിത്യം. ക്ലേപമണ്ഡൂകം=കിണറിലെ തവള. കഥാശേഷകല്യാണ=നഷ്ടമങ്ഗല. ദണ്ഡപാതം=വടി വീഴ്ന്നപോലെ. ദൈവതമാനി=ദേവനെന്നു വൃഥാ അഭിമാനിക്കുന്നവൻ.

ലബ്ധസംജ്ഞ=ബോധം വന്നവൻ. സുബലൻ=ഗാന്ധാരിയുടെ അച്ഛനായ ഗാന്ധാരരാജാവു്. ധൂർത്തൻ=ചൂതുകളിക്കാരൻ. ആതതായി=മഹാപാപകർമ്മം ചെയ്യുന്നവൻ; പാർശ്വഗ്രാഹൻ=പിൻപിൽപോയി ശത്രുക്കളോടു യുദ്ധം ചെയ്യുന്നവൻ. 'പൃഷ്ടതോഹന്മി പാണ്ഡവാൻ, എന്നു ശല്യപർവ്വത്തിൽ ശകുനി പറയുന്നു. സ്വാമി=ഇവിടെ സുയോധനൻ. മൂർഛ=ആധിക്യം.

നിർമ്മയൂഖം=കിരണസ്പർശമില്ലാത്തതു്. തമിസ്രം=ഇരുട്ടു്. നീരന്ധ്രനീലം=ആകമാനം കറുത്തതു്. ജാലീമൻ=തെമ്മാടി. തദക്ഷം=അവന്റെ ചുക്കിണി. നാഗകേതു=സർപ്പം കൊടിയടയാളമായുള്ള സുയോധനൻ. കയം=ഒടുവിൽ കുരുക്ഷേത്രത്തിലെ ഒരു മഹാഹ്രദത്തിലാണല്ലോ സുയോധനൻ ചെന്നൊളിച്ചതു്. എങ്ങു ധർമ്മമങ്ങു ജയം="യതോധർമ്മസ്തതോജയഃ" എന്നു ഭാരതം. ദുഹിതാവു്=പുത്രി. അംബ=മാതാവു്.

കൂടയുദ്ധം=കള്ളപ്പോർ. സമവത്തി=ധർമ്മരാജാവു്. ഗാന്ധാരിയെ യുധിഷ്ഠിരൻ നമസ്കരിച്ചു എന്നും ഗാന്ധാരിയുടെ കണ്ണിലെ ക്രോധാഗ്നി തട്ടിയ അദ്ദേഹത്തിന്റെ കൈവിരലുകളിലെ നഖങ്ങൾ ഉടൻ കരിഞ്ഞുപോയി എന്നും പിന്നീടു് അദ്ദേഹം കുനഖനായാണു ജീവിച്ചതു് എന്നും സ്ത്രീ പർവ്വത്തിൽ "അങ്ഗുല്യാഗ്രാണിദൃശേദേവീയദ്യന്തരേണ സാ തതസ്സകുനഖീഭൂതോ ദശനീയനഖോന്യപഃ" ഭഗദത്തന്റെ പാണിയിൽനിന്നു വരുന്നതും ശോഭിക്കുന്നതുമായ വൈഷ്ണവാസ്ത്രം വൈജയന്തി എന്ന മാലയായി ഭഗവാൻ മാറിൽ ധരിച്ചു എന്നു ദ്രോണപർവ്വത്തിൽ. ശൌരി=ശ്രീകൃഷ്ണൻ. പരഭങ്ഗം=അന്യനിൽനിന്നു പരാജയം. ഒട്ടവിൽ 'ജരാ' എന്ന വ്യാധന്റെ അമ്പു കാലിൽ കൊണ്ടാണല്ലോ ഭഗവാൻ സ്വർഗ്ഗാരോഹണം ചെയ്യുന്നതു്. അതു ഗാന്ധാരി "36 കൊല്ലം കഴിഞ്ഞാൽ അങ്ങേക്കുട്ടംബവും ഇതുപോലെ നശിക്കട്ടെ" എന്നു ഭഗവാനെ ശപിക്കുക നിമിത്തമാണു്. മഹാനസമഹസ്സു്=അടുക്കളയിലെ തേജസ്സു്.

അവരജ=ഇളയസഹോദരി. ഭൂമിഞ്ജയനെന്നു് ഉത്തരനു് ഒരു ബിരുദപ്പേർ അച്ഛൻ കൊടുത്തു; ഭൂമിയെ ജയിക്കുന്നവൻ എന്നർത്ഥം. ഘട=കൂട്ടം. ത്രിഗത്തേശൻ=ത്രിഗർത്തരാജാവായ സുശർമ്മാവു്. വൈരശുദ്ധി=വൈരനിര്യ്യാതനം. ത്രിഗർത്തന്മാരെ കീചകൻ വിരാടരാജാവിനു വേണ്ടി കൊന്നിരുന്നു. 'കുലവൈരിണഃ' എന്നു ക്ഷേമേന്ദ്രൻ ഭാരതമഞ്ജരിയിൽ. താതൻ=വിരാടരാജാവു്. അഭിസാരസമ്പന്നൻ=ആക്രമത്തിനുള്ള സാമഗ്രിയോടുകൂടിയവൻ.

പടയെന്ന പദത്തിലെ പകാരത്തിന്റെ പകൃതി കേട്ടാൽ പോലും ഉത്തരൻ പേടിച്ചുവിറയ്ക്കും. മുകവൽ=പുഞ്ചിരി. തരു=കൃഷ്ണമൃഗം. നിഷ്ണൻ=വശംവദൻ. സാഗരത്തിൻ സമതയിൽ=സമുദ്രസമമായി. ശാന്തനവൻ=ശന്തനുവിന്റെ പുത്രൻ; ഭീഷ്മർ, ഭരദ്വാജൻ=ഭരദ്വാജന്റെ പുത്രൻ; ദ്രോണർ. അങ്ഗരാജൻ=കർണ്ണൻ. ശാരദ്വതൻ=ശരദ്വാന്റെ പുത്രൻ; കൃപാചാര്യർ. ഹസ്തി=ആന. പത്തി=കാലാൾ.

പ്രതിഭ്രവു°=ജാമ്യക്കാരൻ. കാശ്യപിതന്നഭിസാരം കാമി ക്കുക=ഭ്രമിയെ ബലാൽകാരേണ പോയി പുണരുക; അപമൃത്യു വിനെ വരിക്കുക. ഉത്തരം=പിന്നീടുള്ളതു°.

ചിത്രസേനൻ അഞ്ചുവർഷം അജ്ഞാനനെ നൃത്തഗീതങ്ങളം പഠിപ്പിച്ചു എന്നു° ആരണ്യപർവ്വത്തിൽ. വേരി=തേൻ. മതി=ച ന്ദ്രൻ.

ദിഷ്ടയമൻ=ശത്രുക്കളെക്കൊ കാലൻ. ഭരദ്വാജമഹർഷിയു ടേയും ഘൃതാചി എന്ന അപ്സരസ്സിന്റേയും പുത്രനാണു° ദ്രോണാ ചാര്യർ. അഗ്നിവേശമഹർഷിയിൽനിന്നു° ആയുധവിദ്യയും പര ശുരാമനിൽനിന്നു° അസ്ത്രസമ്പത്തും ദ്രോണക്കു ലബ്ധമായി. ചാ പനിഗമാ.....വാരീണൻ=ധനവ്വേദമാകുന്ന സമുദ്രത്തിന്റെ മറു കര കണ്ടവൻ. സ്വയംഗ്രാഹപരിഷ്വംഗം=തന്നെത്താൻ കെട്ടി പ്പിടിച്ചുള്ള ആലിങ്ഗനം. പാഞ്ചാലൻ=പാഞ്ചാലരാജാവിന്റെ പുത്രൻ. ശ്രാദ്ധദേവൻ=കാലൻ. കല്പവെച്ചകളവു°="അശ്വത്ഥാ മാഹതഃ കുഞ്ജരഃ" എന്നുള്ള വ്യാജോക്തി. വാസ്തവത്തിൽ ഭീമ സേനനു° അശ്വത്ഥാമാവെന്ന പേരുള്ള ഒരു കൊമ്പൻആനയുണ്ടാ യിരിക്കയും അദ്ദേഹം അതിനെ കൊല്ലുകയും ചെയ്തു. 'അശ്വത്ഥാ മാഹതഃ' എന്ന ഭീമസേനൻ പറഞ്ഞപ്പോൾ ദ്രോണൻ അതു വിശ്വസിച്ചില്ല; ധർമ്മാത്മാവായ യുധിഷ്ഠിരനോടു° അതു നേരു തന്നെയോ എന്നു ചോദിച്ചു. യുധിഷ്ഠിരൻ 'ഹത കുഞ്ജരഃ" എന്നു അവ്യക്തമായി പറഞ്ഞു. "തമതഥ്യമേവ മഗ്നോ ജയേ സക്തേ യുധിഷ്ഠിരഃ അവ്യക്തമബ്രവീദ്രാജൻ ഹതഃ കുഞ്ജര ഇത്യുത" എന്നു ദ്രോണപർവ്വത്തിൽ. അന്നുവരെ ഭ്രമിയിൽനിന്നു നാലങ്ഗുലം ഉയർന്നിരുന്ന തേരു° ഉടൻ ഭ്രമിയെ സ്പർശിച്ചു. യുധിഷ്ഠിരൻ അപ്പോഴും മുതൽ സാമാന്യമനുഷ്യരെപ്പോലെയായി എന്നു സാരം.

യോഗയുക്തൻ=യോഗിയായവൻ. ജിതകാശി=ജയിച്ചവ നായി ഭാവിക്കുന്നവൻ. പിഷ്ടപേഷം=പൊടിച്ചതിനെ പൊ ടിക്കുക; ഇവിടെ മരിച്ചവനെ കൊല്ലുക. കുരു=ആയുധം. ആയുധ ത്താൽ മരിക്കാത്ത ക്ഷത്രിയൻ നല്ല ലോകമില്ലെന്നു ആപ്തവാക്യം.

പാണ്ഡവേയർ=പാണ്ഡവർ. പതിപ്രാണ=സാധ്വിയായ പത്നി. ആണ്മ=പൌരുഷം. പഞ്ചപഞ്ചജനങ്ങൾ=അഞ്ചു മനുഷ്യർ. പഞ്ചശീർഷപന്നഗം=അഞ്ചുതലയുള്ള പാമ്പു്. പാണിപീഡനം=പാണിഗ്രഹണം. പാണ്ഡവക്കും സുന്ദോപസുന്ദന്മാക്കും ഒന്നുപോലെ തമ്മിൽ സൌഭ്രാത്രമുണ്ടായിരുന്നു. ഗൃഹിണിയായ പാഞ്ചാലി അതു വർദ്ധിപ്പിച്ചു; തേവിടിശ്ശിയായ തിലോത്തമ അതു നശിപ്പിച്ചു. അശേഷം=വ്യത്യാസം. സത്രാജിൽപുത്രി=സത്യഭാമ.

സന്താനം=കല്പവൃക്ഷം. മാരുതി=ഭീമസേനൻ. മമ്മഭിത്തു്=മമ്മത്തെ ഭേദിക്കുന്നതു്. കൈശികം=കബരി. കാസരവാഹൻ=പോത്തു വാഹനമായുള്ളവൻ; കാലൻ. കന്നൻ=ദുഷ്ടൻ. കാളഭോഗി=കൃഷ്ണസർപ്പം.

തന്തുവായൻ=തുന്നൽക്കാരൻ. വറുചീരയില=ഗോവാൻ അക്ഷയപാത്രത്തിൽ പററിക്കിടന്ന ഒരു വറുചീരയില ഭക്ഷിച്ചു ലോകത്തിനു് ഉദരപൂത്തി വരുത്തി ദുർവ്വാസാവിനെ പ്രസാദിപ്പിച്ച കഥ വനപർവ്വത്തിൽ. കീചകനെ ദ്രൌപദി ഒരു നോക്കുകൊണ്ടു് ആദ്യം തെറിപ്പിച്ചു. തീയിൽ ജനിച്ചതു്=ദ്രൌപദി യജ്ഞസേനന്റെ അഗ്നികുണ്ഡത്തിൽ ജനിച്ചതായി ഐതിഹ്യം. ദുശ്ശളേശൻ=ദുശ്ശളയുടെ ഭർത്താവു്; ജയദ്രഥൻ. ശതപത്രായതാക്ഷി=താമരയിതൾപോലെ നീണ്ട കണ്ണോടുകൂടിയവൾ. ശ്രുചി=അഗ്നി. അരണി=യാഗാഗ്നി ഉദ്ദീപിക്കുവാനുള്ള കടകോൽ.

ശ്ലോഷ, വിശ്രാവര, ലോപാമുദ്ര മുതലായ വൈദികമഹിളാമണികളും അത്രി, വിശ്വാമിത്രൻ മുതലായ മഹർഷിമാരെപ്പോലെ ഋഗ്വേദസൂക്തങ്ങളും ദർശിച്ചവരാണു്. പണ്ടു സ്ത്രീകൾക്കും ഭാരതഖണ്ഡത്തിൽ പുരുഷന്മാരെപ്പോലെ ഉപനയനവും ഗായത്ര്യുപദേശവും മറവും ഉണ്ടായിരുന്നതായി യമസംഹിതി ശ്ലോഷ്ടിക്കുന്നു. ശ്രുത്യംബ=വേദമാകുന്ന മാതാവു്. ശ്രുതിസീമന്തം=

വേദാന്തം. വേദത്തെ പ്രസാധനം ചെയ്ത സൈരന്ധ്രിമാർ. ഗാർഗ്ഗിയുടെ ചോദ്യങ്ങൾ ബൃഹദാരണ്യകോപനിഷത്തിൽ വിസ്തരിച്ചുകാണുന്നു.

യാജ്ഞവൽക്ക്യന്റെ കാത്യായനിയെന്നും മൈത്രേയിയെന്നും രണ്ടു ഭാര്യമാർ. അവരിൽ കാത്യായനി ധനംകൊണ്ടു തൃപ്തയായി. ബ്രഹ്മവാദിനിയായ മൈത്രേയിയാകട്ടെ മോക്ഷപ്രദമല്ലാത്ത ധർമ്മംകൊണ്ടു തനിക്കു് ഒരു പ്രയോജനവുമില്ലെന്നു പറയുന്നു. ബൃഹദാരണ്യകോപനിഷത്തു നോക്കുക. സുലഭ എന്ന ഭിക്ഷുകി ജനകമഹാരാജാവിനു തത്ത്വോപദേശം ചെയ്യുന്ന കഥ ശാന്തിപർവ്വത്തിൽ കാണാം. ചിരന്തനം=പുരാതനം. പാറയ്ക്കു ജീവൻ നൽകാൻ ശ്രീരാമനു സാധിച്ചതു് പാറ പണ്ടു സ്ത്രീയായിരുന്നതിനാലാണെന്നു കവിയുടെ ഉല്ലേഖം. അഹല്യാമോക്ഷം കഥ. വിദ്രുല എന്ന വീരമാതാവിന്റെ പുത്രനാണു് സഞ്ജയനെന്ന രാജാവു്. ധൃതരാഷ്ട്രരുടെ അനുചരനായ സഞ്ജയനല്ല. ആ രാജാവു് സിന്ധുരാജാവിനോടു തോറ്റു് നിരുദ്യോഗനായി കിടക്കുമ്പോൾ വിദ്രുല അദ്ദേഹത്തെ യുദ്ധസന്നദ്ധനാക്കുന്ന ഇതിഹാസം കുന്തിദേവി ശ്രീകൃഷ്ണൻ മുഖേന ധർമ്മപുത്രരെ ധരിപ്പിക്കുന്നു. ഇതു് ഉദ്യോഗപർവ്വത്തിലെ അത്യുജ്ജ്വലമായ ഒരു ഭാഗമാണു്. "വിദുലാ രാജന്യാ ജഗർഹേ പുത്രമൈരസം നിർജിതം സിന്ധുരാജേ നശയാനം ദീനചേതസം" ഇത്യാദി പദ്യങ്ങൾ നോക്കുക. ഉത്ഥായി=ഉത്ഥാനശീലൻ. സാധ്വസം=ഭയം. ശശ്വത്തു്=എല്ലായ്പോഴും നിലനിൽക്കുന്നതു്. ഭാരതായോധനം=ഭാരതയുദ്ധം.

ശ്വശ്രൂ=അമ്മായിഅമ്മ; ഇവിടെ ഗാന്ധാരി. കുന്തിയുടെ മഹത്തായ ഈ ത്യാഗം ആശ്രമവാസപർവ്വത്തിൽ കാണാം. അപ്രമത്തന്മാർ=ശ്രദ്ധയോടുകൂടിയവർ. അനുചാനമാനികം=ഓത്തു ചൊല്ലിയവരെന്നുവെച്ചു ഞെളിയുന്നവർ. വിപ്രപത്ന്യനുഗ്രഹലീല ദശമസ്കന്ധത്തിൽ കാണാം. ആഖ്യാനങ്ങൾ=പുരാവൃത്ത

ങ്ങൾ. മാതൃപ്രിയാസോദരീദുഹിതാക്കൾ=അമ്മ, പത്നി, സഹോദരി, പുത്രി ഇവർ. മങ്ഗലപ്രതിപാദനോൽകകൾ=ശുഭം നൽകുന്നതിനു സജ്ജകൾ. മാർഗ്ഗോൽകകൾ=മാർഗ്ഗത്തിലുള്ള പന്തങ്ങൾ. പ്രജ്ഞ=ബുദ്ധി. രസജ്ഞ=നാക്കു്. പ്രസാദം=മാളിക. കാസാരം=പൊയ്ക. കല്ലോലിനി=പുഴ. സ്കന്ധം=തടി. മധു=തേൻ.

ചർമ്മം=തൊക്കു്. സ്ത്രീകൾക്കു മുഖത്തിൽ രോമമില്ല. പുരുഷന്മാർക്കു് ഉണ്ടു്. നമ്മുടെ പൂർവ്വന്മാരെന്നു പരിണാമവാദം നമ്മെ പഠിപ്പിക്കുന്ന വാനരങ്ങളിൽനിന്നു സ്ത്രീയോളം പുരുഷൻ അകന്നിട്ടില്ലെന്നും അതിനാൽ പുരുഷനെ അപേക്ഷിച്ചു സ്ത്രീ ഉത്തമസൃഷ്ടിയെന്നും കവിയുടെ ആശയം. അന്തര്യാമി=അന്തഃസ്ഥിതമായ ദിവ്യചൈതന്യം. ഉൽപഥഭ്രാന്തന്മാർ=മര്യാദവിട്ടു ദുർമ്മാർഗ്ഗങ്ങളിൽ പരിഭ്രമിക്കുന്നവർ. ലജ്ജയുണ്ടായി തന്നിമിത്തം വേണം ഉന്മാർഗ്ഗവർത്തി ആചാരവാനാകുവാൻ. ത്രയി=ഋക്, യജുസ്സ്, സാമം, ഈ വേദങ്ങൾ, ത്രയിയും ഗംഗയും സാധ്വിമാരുമാകുന്ന ഭാരതഭൂമിയെ പുണ്യഭൂമിയാക്കുന്നതു്. ദിഗ്ജയത്തിനു തന്ന വാക്കൊണ്ടു് ആത്മഹത്യ ചെയ്യുന്നതുപോലെയാകുന്നു. പുരുഷാർത്ഥസാധനത്തിനു ലബ്ധരായ സ്ത്രീമൂലം ഒരുവൻ ദുർമ്മാർഗ്ഗത്തിൽ സഞ്ചരിക്കുന്നതു്. അതുകൊണ്ടു് ആ അനുഗ്രഹം നൽകിയ ദൈവത്തിനു യാതൊരു ഹാനിയുമില്ല. പ്രജാനിധി=സന്താനമാകുന്ന നിധി.

വലുതായ ഒരു യാഗമാകുന്നു പ്രസവവും സന്താനസംരക്ഷണവും. സ്ഥൂലോപലം=പാറ. അന്ധാന്ധു=പൊട്ടക്കിണറു്. ആന്തരപുരുഷൻ=അന്തര്യാമി. സാഹിതീവേധസ്സുകൾ=പുരാതനന്മാരായ സാഹിത്യാചാര്യന്മാർ.

കർമ്മനേതൃകൾ=കർമ്മപദ്ധതിയിൽ നയിപ്പിക്കുന്നവർ. ധർമ്മസേതുക്കൾ=ധർമ്മത്തെ ചോർന്നുപോകാതെ കെട്ടിനിറുത്തുന്ന അണകൾ. ആരാത്രികം=നീരാജനം. ഭേഷജം=മരുന്നു്. ഗദാന്തരം=മറെറാരു രോഗം. കദ്ധ്വാവു്=ദുഷ്ടമാർഗം.

പാഥേയം=വഴിയിൽ വെച്ചുണ്ണുവാനുള്ള പൊതിച്ചോറു്. വാരുണി=വരുണന്റെ ഭ്രമി; പാശ്ചാത്യഭൂഖണ്ഡം. പൂഗം=സംഘം. രശ്മി=കടിഞ്ഞാൺ, പ്രതോദം=ചമ്മട്ടി. ഗ്രഹങ്ങളാകുന്ന ക്ഷേത്രങ്ങളം. ശാദ്വം=പോട്ടു്, അള. അഭ്രം=ആകാശം, പതത്രി=പക്ഷി.

ആഴിക്കുള്ളിൽ തള്ളുക=തീരെ തിരസ്കരിക്കുക. ആഖേടം=നായാട്ടു്. ചതുർവർഗ്ഗകേദാരം=ധർമ്മാർത്ഥകാമമോക്ഷങ്ങളുടെ വിളഭ്രമി. കുല്യ=കൈത്തോട്ടു്. വേല=കടൽകര. പടകടകം=ഹംസകം, കാൽത്തള. നിഗഡം=ചങ്ങല. സീമാദരം=മര്യ്യാദയിൽ ആദരവു്.

കൊള്ളക്കൊടുക്ക=കൊടുക്കൽ വാങ്ങൽ. വിസ്മേര=വിസ്മയത്തോടുകൂടിയവം. വ്രീഡ=ലജ്ജ. വർണ്ണി=തപസ്വി. തനൂഭവ=പുത്രി. ആത്മീയധാമം=സ്വന്തംഗൃഹം. റാൽഫ് വാർഡോ എമേഴ്സൺ (Ralph Wardo Emerson) എന്ന പ്രസിദ്ധതത്വചിന്തകനായ ഗ്രന്ഥകാരൻ. തോറോ (Thoreau) മറെറാരു ചിന്തകനായ ഗ്രന്ഥകാരൻ. വില്യം ജേംസ് (William James) പ്രസിദ്ധ മനശ്ശാസ്ത്രപണ്ഡിതൻ. വാൾട് ഹ്വിറ്റ്മാൻ (Walt Whitman) പ്രസിദ്ധ കവി. എല്ലാ ഹ്വീലർ വിൽകോക്സ് (Ella Wheeler Wilcox) പ്രസിദ്ധ കവിയിത്രി. ഇവരെല്ലാം അമ്മെരിക്കയുടെ സന്താനങ്ങളും ഭാരതിയാദർശങ്ങളെ ബഹുമാനിക്കുന്നവരുമായിരുന്നു. ഇവരുടെ ജീവിതകാലം ക്രി. പി. 19–ാംശതകത്തിലാണു്. വിൽകോക്സ് മതാമ്മ ഇരുപതാംശതകത്തിലാണു് യശശ്ശരീരയായതു്.

1278

മഹാകവി ഉള്ളൂരിന്റെ ചില ഇതര കൃതികൾ

		Rs.	Ps.
ഉമാകേരളം	—	3	50
പിംഗള	—	1	75
കണ്ണാഭ്രഷണം	—	1	75
തരംഗിണി	—	1	50
താരഹാരം	—	1	50
കിരണാവലി	—	1	50
രത്നമാല	—	1	50
അമൃതധാര	—	1	50
ഹൃദയകൗമുദി	—	1	50
കല്പശാഖി	—	1	50
തപ്തഹൃദയം	—	1	25
ചൈത്രപ്രഭാവം	—	0	30
ശരണോപഹാരം	—	0	50
ചിത്രോദയം	—	0	37
മംഗളമഞ്ജരി	—	1	00
അരുണോദയം	—	1	50
അംബ (ഒരു ഗദ്യനാടകം)	—	3	50
സ്മരണമാധുരി	—	1	25
ഭക്തിദീപിക	—	1	00
ദീപാവലി	—	1	00
ബാലദീപിക	—	0	40
മാതൃകാജീവിതങ്ങൾ	—	0	50
സദാചാരദീപിക	—	0	50
മണിമഞ്ജൂഷ	—	1	50
ഐൻസ്റ്റയിൻ	—	2	00
സുജാതോദ്വാഹം (ഭാഷാചമു)	—	1	50
മിഥ്യാപവാദം	—	1	00

അപേക്ഷിക്കേണ്ടതു മേൽവിലാസം:—

ഉള്ളൂർ പബ്ലിഷേഴ്സ്

ജഗതി. തിരുവനന്തപുരം–14.